14
2025
മേയ്
ബുധൻ
മേടം 31

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No.137 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-137 പേജ് 4. വില 2.00 രൂപ

02 കുടുംബശ്രീ എസ്.വി.ഇ.പി പദ്ധതി വഴി രൂപീകരിച്ചത് 40187 സൂക്ഷ്മ സംരംഭങ്ങൾ

03 പാള്ളാച്ചി കൂട്ടബലാത്സംഗ കേസ്; 9 പ്രതികൾക്കും ജീവപര്യന്തം

04 അഭിരുചികൾക്കനുസരിച്ച് കോഴ്സുകൾ തെരഞ്ഞെടുക്കാൻ അവസരം: മന്ത്രി

# ഇന്ത്യയുടെ ആഴക്കടൽ ദൗത്യം 2026 അവസാനത്തോടെ

കൊച്ചി: മനുഷ്യനെ വഹിച്ചുള്ള ഇന്ത്യയുടെ ആദ്യത്തെ സബ്മെഴ്സിബിൾ വാഹനമായ 'മത്സ്യ'യുടെ 6000 മീറ്റർ സമുദ്രയാൻ ആഴക്കടൽ ദൗത്യം 2026 അവസാനത്തോടെ നടത്താനാകുമെന്ന് പ്രതീക്ഷ. ഇന്ത്യയുടെ സമുദ്രപഠന മേഖലയിൽ വലിയ വഴിത്തിരിവാകും ഈ ദൗത്യമെന്ന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓ്ഷ്യൻ ടെക്നോളജി (എൻഐഒടി) ഡയറക്ടർ ഡോ ബാലാജി രാമകൃഷ്ണൻ പറഞ്ഞു. എൻഐഒടിയാണ് ഇന്ത്യയുടെ ആഴക്കടൽ ദൗത്യത്തിന്റെ നോഡൽ ഏജൻസി.




ബ്ലൂ ഇക്കോണമിയുമായി ബന്ധപ്പെട്ട ദേശീയ പരിശീലന ശിൽപശാല കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) ഉദ്ഘാടനം ചെയ്ത ശേഷം സംസാരിക്കുകയായിരുന്നു ഡോ ബാലാജി രാമകൃഷ്ണൻ.

മൂന്ന് ശാസ്ത്രജ്ഞരെ വഹിച്ചുള്ള ആഴക്കടൽ പര്യവേക്ഷണത്തിനാണ് 'മത്സ്യ' തയ്യാറെടുക്കുന്നത്. ഇന്ത്യയുടെ തദ്ദേശീയ സാങ്കേതികവിദ്യ ഉപയോഗിച്ച് വികസിപ്പിച്ച ഈ നാലാം തലമുറ സബ്മഴ്സിബിൾ വാഹനത്തിന് 25 ടൺ ഭാരമുണ്ട്. സമുദ്രത്തിനടിയിലെ അതിതീവ്ര മർദത്തെയും മറ്റ് പ്രതികൂല സാഹചര്യങ്ങളെയും നേരിടാൻ പാകത്തിലാണ് രൂപകൽപന.

ആഴക്കടലിലെ ജീവനുള്ളതും അല്ലാത്തതുമായ വിഭവങ്ങളുടെ വിലയിരുത്തൽ, സമഗ്രമായ സമുദ്ര നിരീക്ഷണം, ആഴക്കടൽ ടൂറിസത്തിന്റെ സാധ്യതകൾ തുടങ്ങിയവക്ക് വഴിതുറക്കുന്നതാണ് സമുദ്രയാൻ ദൗത്യമെന്ന് എൻഐഒടി ഡയറക്ടർ പറഞ്ഞു. വിവിധ ഘട്ടങ്ങളായാണ് ലോഞ്ചിംഗ് നടത്താനുദ്ദേശിക്കുന്നത്. ഈ വർഷം അവസാനത്തോടെ 500 മീറ്റർ ആഴത്തിലേക്കുള്ള പരീക്ഷണം നടത്തും. നാല് മണിക്കൂർ വീതം ആഴക്കടലിലേക്കും തിരിച്ചുവരാനുമായി എടുക്കുമെന്നാണ് കണക്കുക്കൂട്ടൽ. ആഴക്കടൽ മേഖലയിൽ നിന്ന് നിർണായക സാമ്പിളുകൾ ശേഖരിക്കുന്നതിൽ ഇത് സഹായിക്കും. ഇതുവരെ നേരിട്ടെത്താത്ത സമുദ്രാന്തർഭാഗങ്ങളിലെ ജീവജാലങ്ങളുടെയും ജലത്തിന്റെയും സവിശേഷതകൾ മനസ്സിലാക്കാനും അവസരമൊരുക്കുംഅദ്ദേഹം പറഞ്ഞു.

കടൽകൂടുകൃഷിയിൽ നിർണായക വഴിത്തിരിവിന് അവസരമൊരുക്കുന്നതാണ് 'സമുദ്രജീവ' എന്ന പേരിൽ വികസിപ്പിച്ച സാങ്കേതികവിദ്യ. കടലിലെ മത്സ്യകൂടുകളിൽ സ്ഥാപിച്ച സെൻസറുകളിലൂടെ മീനിന്റെ വളർച്ചയും ജലഗുണനിലവാരവും കരയിൽ നിന്ന് വിലയിരുത്താൻ സഹായിക്കുന്നതാണ് ഈ സാങ്കേതികവിദ്യ. ഇത്തരം സാങ്കേതികവിദ്യകൾ സമുദ്രമത്സ്യ മേഖലയിൽ സുസ്ഥിര വികസനത്തിന് വേഗം കൂട്ടുമെന്നും ഡോ ബാലാജി രാമകൃഷ്ണൻ പറഞ്ഞു.

സിഎംഎഫ്ആർഐയും വിജ്ഞാന ഭാരതിയും സംയുക്തമായാണ് അഞ്ച് ദിവസത്തെ ശിൽപശാല സംഘടിപ്പിക്കുന്നത്. സിഎംഎഫ് ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. സമുദ്രമത്സ്യ മേഖലയിലെ സിഎംഎഫ്ആർഐയുടെ ഗവേഷണ നേട്ടങ്ങളും എൻഐഒടിയുടെ സാങ്കേതികവിദ്യകളും സംയോജിപ്പിക്കുന്നത് ഇന്ത്യയുടെ ബ്ലൂ ഇക്കോണമി മെച്ചപ്പെടുത്താൻ സഹായകരമാകുമെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യയിലെ മാരികൾച്ചർ പ്രവർത്തനത്തിന്റെ സാധ്യതകൾ, പ്രത്യേകിച്ച് കടൽപ്പായൽ കൃഷി, പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് സാങ്കേതിക വികസനം ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസ് മുൻ ഡയറക്ടർ ഡോ. സതീഷ് ഷേണായി, വിജ്ഞാന ഭാരതി സെക്രട്ടറി ജനറൽ വിവേകാനന്ദ പൈ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രഫി മുൻ ഡയറക്ടർ ഡോ. എസ്. പ്രസന്നകുമാർ, പരിശീലന പരിപാടിയുടെ കോർഡിനേറ്റർ ഡോ. രതീഷ് കുമാർ രവീന്ദ്രൻ എന്നിവരും ചടങ്ങിൽ സംസാരിച്ചു.

## നന്തൻകോട് കൂട്ടക്കൊല
### കേഡൽ ജിൻസൺ രാജയ്ക്ക് ജീവപര്യന്തം തടവ്



തിരുവനന്തപുരം: നന്തൻകോട്ട് കുടുംബാംഗങ്ങളായ നാലു പേരെ കൂട്ടക്കൊലചെയ്ത കേസിൽ പ്രതി കേഡൽ ജിൻസൺ രാജയ്ക്ക് ജീവപര്യന്തം തടവ് ശിക്ഷ വിധിച്ചു. 15 ലക്ഷംരൂപ പിഴയും നൽകണം. പ്രതിക്കെതിരേ കൊലക്കുറ്റം, തെളിവ് നശിപ്പിക്കൽ, വീട് നശിപ്പിക്കൽ എന്നീ കുറ്റങ്ങൾ നിലനിൽക്കുന്നതാണെന്ന് കോടതി വിധിച്ചു. . ആറാം അഡീഷണൽ സെഷൻസ് ജഡ്ജി കെ. വിഷ്ണുവാണ് കേസ് പരിഗണിച്ചത്. പ്രതിക്ക് വധശിക്ഷ നൽകണമെന്നായിരുന്നു പ്രോസിക്യൂഷൻ ആവശ്യപ്പെട്ടിരുന്നത്. ജീവപര്യന്തം തടവ് കൂടാതെ വീട് കത്തിച്ചതിനും തെളിവ് നശിപ്പിക്കലിനുമായി 12 വർഷം അധിക തടവും കേഡൽ അനുഭവിക്കണം. സെഷൻ 302 പ്രകാരമുള്ള ജീവപര്യന്തം ശിക്ഷ ആരംഭിക്കുന്നതിന് മുമ്പ് ഈ 12 വർഷത്തെ തടവ് കേഡൽ ജെൻസൻ അനുഭവിക്കണമെന്ന് പ്രോസിക്യൂട്ടർ അറിയിച്ചു. കൊലപാതകത്തിനും മറ്റു കുറ്റങ്ങൾക്കുമെല്ലാമായിട്ടാണ് 15 ലക്ഷം രൂപ പിഴ. ഇത് അമ്മാവൻ ജോസ് സുന്ദരത്തിനാണ് നൽകേണ്ടത്. പിതാവ് പ്രൊഫ. രാജാതങ്കം, മാതാവ് ഡോ. ജീൻ പദ്മ, സഹോദരി കരോളിൻ, ജീൻ പദ്മയുടെ ബന്ധു ലളിത എന്നിവരെയാണ് കേഡൽ ജിൻസൺ രാജ കൊലപ്പെടുത്തിയത്. കുടുംബാംഗങ്ങളുടെ ആത്മാവ് ശരീരം വിട്ട് സ്വർഗത്തിലേക്ക് പറന്നുപോകുന്ന സാത്താൻ സേവയായ ആസ്ട്രൽ പ്രൊജക്ഷന്റെ ഭാഗമായാണ് താൻ കൊലപാതകം നടത്തിയതെന്നാണ് കേഡൽ പോലീസിന് നൽകിയ കുറ്റസമ്മതമൊഴിയിൽ പറഞ്ഞിരുന്നത്. പിന്നീട് മൊഴിമാറ്റിയ കേഡൽ, പ്ലസ്ടു വിദ്യാഭ്യാസയോഗ്യത മാത്രമുള്ള തന്നോട് വീട്ടുകാർ കാണിച്ച നിരന്തര അവഗണനയാണ് കൊലപാതകത്തിന് പ്രേരിപ്പിച്ചതെന്നും പറഞ്ഞു. മനഃശാസ്ത്രജ്ഞർ കേഡലിന് സ്കിസോഫ്രീനിയ എന്ന മാനസികരോഗമാണെന്ന് ആദ്യം കണ്ടെത്തിയിരുന്നു. 2017 ഏപ്രിൽ ഒൻപതിനാണ് കേഡൽ കൊലപാതകമെല്ലാം നടത്തിയത്. നാലുപേരെയും മുകളിലത്തെ നിലയിലേക്കു വിളിച്ചുവരുത്തി മഴുകൊണ്ട് തലയ്ക്കടിച്ചാണ് കൊലപ്പെടുത്തിയത്.

## മൂന്നാം കക്ഷി ഇടപെടൽ അനുവദിക്കില്ല'; അമേരിക്കയുടെ മദ്ധ്യസ്ഥ ചർച്ചയല്ല വെടിനിർത്തലിന് കാരണമെന്ന് കേന്ദ്രം

ന്യൂഡൽഹി: കാശ്മീർ വിഷയത്തിൽ മൂന്നാം കക്ഷി ഇടപെടൽ അനുവദിക്കില്ലെന്ന് കേന്ദ്ര വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ. കാശ്മീരിലെ ഏക വിഷയം പാക് അധീന കാശ്മീർ ഇന്ത്യയ്ക്ക് കൈമാറുകയാണെന്നും അദ്ദേഹം വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി. 'കാശ്മീരിലെ ഏക വിഷയം പാക് അധീന കാശ്മീർ ഇന്ത്യയ്ക്ക് കൈമാറുകയെന്നതാണ്. ഇന്ത്യയുടെ ഈ നയം പല ലോക നേതാക്കളും പാകിസ്ഥാനെ അറിയിച്ചിട്ടുണ്ട്. ആരും മദ്ധ്യസ്ഥ ചർച്ച നടത്തിയിട്ടില്ല. ഇന്ത്യയുടെ ശക്തി മനസിലാക്കിയാണ് പാകിസ്ഥാൻ സൈനിക നീക്കം നിർത്തിയത്. ഇരുരാജ്യങ്ങളിലെയും സൈനിക ഡിജിഎംഒമാർ തമ്മിൽ മാത്രമാണ് ചർച്ച നടന്നത്. ആരാണ് പഹൽഗാം ഭീകരാക്രമണം നടത്തിയ സംഘടനയെ നിയന്ത്രിച്ചതെന്നതിന് തെളിവുണ്ട്. സംഘർഷം തീർക്കാനുള്ള താൽപര്യം ആദ്യം അറിയിച്ചത് പാകിസ്ഥാനാണ്.

## പഞ്ചാബിൽ വിഷമദ്യദുരന്തം: 14 പേർ മരിച്ചു, നിരവധിപ്പേർ ഗുരുതരാവസ്ഥയിൽ ആശുപത്രിയിൽ

ചണ്ഡീഗഢ്: പഞ്ചാബിൽ വിഷമദ്യദുരന്തത്തിൽ 14 പേർ മരിച്ചു. ആറുപേർ ഗുരുതരാവസ്ഥയിൽ ചികിത്സയിൽ തുടരുന്നതായി പഞ്ചാബ് അധികൃതർ അറിയിച്ചു. മദ്യം നൽകിയ ആളടക്കം നാലു പേരെ പൊലീസ് പിടികൂടി.

ബലാത്സംഗത്തിനിര, 13 കാരിയുടെ 33 ആഴ്ചയായ ഗർഭം അലസിപ്പിക്കാൻ അനുമതി നൽകി കോടതി

അമൃത്സറിലെ മജിതയിലാണ് സംഭവം. സർക്കാർ സാധ്യമായ എല്ലാ സഹായവും നൽകുന്നതായും വിതരണക്കാരെ അറസ്റ്റ് ചെയ്തതായും അമൃത്സർ ഡെപ്യൂട്ടി കമ്മിഷണർ സാക്ഷി സാവ്നി പറഞ്ഞു. 'മജിതയിൽ ഒരു നിർഭാഗ്യകരമായ ദുരന്തം സംഭവിച്ചു. ഇന്നലെ രാത്രിയിൽ 5 ഗ്രാമങ്ങളിൽ നിന്ന് മദ്യം കഴിച്ചവരുടെ നില ഗുരുതരമാണെന്ന് ഞങ്ങൾക്ക് റിപ്പോർട്ടുകൾ ലഭിച്ചു. ഞങ്ങൾ മെഡിക്കൽ ടീമുകളെ ഉടൻ തന്നെ അയച്ചു. ഞങ്ങളുടെ മെഡിക്കൽ ടീമുകൾ ഇപ്പോഴും വീടുതോറും കയറിയിറങ്ങുന്നുണ്ട്. ആളുകൾക്ക് എന്തെങ്കിലും ലക്ഷണങ്ങൾ ഉണ്ടെങ്കിലും ഇല്ലെങ്കിലും അവരെ രക്ഷിക്കാൻ ഞങ്ങൾ അവരെ ആശുപത്രിയിലേക്ക് കൊണ്ടുപോകുന്നു. ഇതുവരെ 14 പേർ മരിച്ചു. സർക്കാർ സാധ്യമായ എല്ലാ സഹായവും നൽകുന്നു. വിതരണക്കാരെ ഞങ്ങൾ അറസ്റ്റ് ചെയ്തിട്ടുണ്ട്, കൂടുതൽ അന്വേഷണം നടക്കുന്നു'- സാക്ഷി സാവ്നി പറഞ്ഞു



ഓപ്പറേഷൻ സിന്ദൂറിന്റെ വിജയത്തെ തുടർന്ന് സൈനികർക്ക് രാജ്യത്തിന്റെ നന്ദി അറിയിച്ച് പ്രധാനമന്ത്രി നരേന്ദ്രമോഡി.

## അപ്രതീക്ഷിത സന്ദർശനം; സൈനികർക്ക് രാജ്യത്തിന്റെ നന്ദി അറിയിച്ച് മോഡി

ന്യൂഡൽഹി: ഓപ്പറേഷൻ സിന്ദൂറിന്റെ വിജയത്തെ തുടർന്ന് സൈനികർക്ക് രാജ്യത്തിന്റെ നന്ദി അറിയിച്ച് പ്രധാനമന്ത്രി നരേന്ദ്രമോഡി. ഇന്ത്യയും പാകിസ്ഥാനും വെടിനിർത്തലിന് സമ്മതിച്ച് ദിവസങ്ങൾക്ക് ശേഷം നരേന്ദ്ര മോഡി ചൊവ്വാഴ്ച പഞ്ചാബിലെ ആദംപൂർ വ്യോമതാവളത്തിൽ അപ്രതീക്ഷിത സന്ദർശനം നടത്തിയാണ് സൈനികരെ അഭിനന്ദിച്ചത്.

സൈനികർക്കൊപ്പം ആശയവിനിമയം നടത്താനും മോഡി സമയം ചെലവഴിച്ചു. ആദംപൂർ വ്യോമതാവളത്തിലെ സുരക്ഷാ സ്ഥിതിഗതികൾ മോഡി വിലയിരുത്തി. ഇന്ത്യയുടെ 'ഓപ്പറേഷൻ സിന്ദൂറിന്' ശേഷം മേയ് 9,10 തീയതികളിലെ രാത്രിയിൽ പാകിസ്ഥാൻ ആക്രമിക്കാൻ ശ്രമിച്ച വ്യോമസേനാതാവളങ്ങളിൽ ആദംപൂരും ഉൾപ്പെടുന്നു. 'സെൻസിറ്റീവായ വിഷയങ്ങൾ പാർലമെന്റിൽ ചർച്ച ചെയ്യേണ്ടതില്ല'; കോൺഗ്രസ് നിലപാട് തള്ളി ശരദ് പവാർ ആദംപൂരിലെ ഇന്ത്യയുടെ എസ്-400 വ്യോമ പ്രതിരോധ സംവിധാനം ജെഎഫ്-17 യുദ്ധവിമാനങ്ങളിൽ നിന്ന് തൊടുത്തുവിട്ട ഹൈപ്പർസോണിക് മിസൈലുകൾ ഉപയോഗിച്ച് തകർത്തുവെന്ന് പാകിസ്ഥാൻ അവകാശപ്പെട്ടിരുന്നു. എന്നാൽ ഇത് പാകിസ്ഥാന്റെ വ്യാജ ആരോപണമാണ് എന്ന് ചൂണ്ടിക്കാട്ടി ഇന്ത്യൻ ഉദ്യോഗസ്ഥർ നിഷേധിച്ചിരുന്നു. ഓപ്പറേഷൻ സിന്ദൂറിന്റെ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിൽ ഇന്ത്യൻ സായുധസേന അചഞ്ചലമായ ധൈര്യം പ്രകടിപ്പിച്ചതായാണ് കഴിഞ്ഞദിവസം രാജ്യത്തെ അഭിസംബോധന ചെയ്ത് മോഡി പറഞ്ഞത്.



# അപേക്ഷ ക്ഷണിച്ചു

സംസ്ഥാനത്തെ സർക്കാർ/സർക്കാർ നിയന്ത്രിത/സ്വാശ്രയ കോളേജുകളിലേക്ക് 2025-26 വർഷത്തെ ബി.എസ്.സി.നഴ്സിംഗ്, ബി.എസ്.സി. എം.എൽ.റ്റി, ബി.എസ്.സി. പെർഫ്യൂഷൻ ടെക്നോളജി, ബി.എസ്.സി. ഒപ്റ്റോമെട്രി, ബി.പി.റ്റി., ബി.എ.എസ്സ്.എൽ.പി., ബി.സി.വി.റ്റി., ബി.എസ്.സി. ഡയാലിസിസ് ടെക്നോളജി, ബി.എസ്.സി ഒക്യൂപേഷണൽ തെറാപ്പി, ബി.എസ്.സി. മെഡിക്കൽ ഇമേജിംഗ് ടെക്നോളജി, ബി.എസ്.സി. റേഡിയോതെറാപ്പി ടെക്നോളജി, ബി.എസ്.സി. ന്യൂറോ ടെക്നോളജി, ബി.എസ്.സി. ന്യൂക്ലിയർ മെഡിസിൻ, ബി.എസ്.സി മെഡിക്കൽ ബയോകെമിസ്ട്രി, ബി.എസ്.സി പ്രോസ്തെറ്റിക്സ് ആൻഡ് ഓർത്തോറ്റിക്സ് എന്നീ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. പുതിയ കോഴ്സുകൾക്ക് സർക്കാർ അംഗീകാരം ലഭിക്കുന്ന പ്രകാരം പ്രവേശന പ്രക്രിയയിൽ ഉൾപ്പെടുത്തും. എൽ.ബി.എസ് സെന്റർ ഡയറക്ടറുടെ www.lbscentre.kerala.gov.in എന്ന വെബ്സൈറ്റ് വഴി അപേക്ഷാഫീസ് ഓൺലൈൻ മുഖേനയോ അല്ലെങ്കിൽ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത ചെല്ലാൻ ഉപയോഗിച്ച് ഫെഡറൽ ബാങ്കിന്റെ ഏതെങ്കിലും ഒരു ശാഖ വഴിയോ മേയ് 14 മുതൽ ജൂൺ 4 വരെ ഒടുക്കാം. ജനറൽ, എസ്.ഇ.ബി.സി, എന്നീ വിഭാഗക്കാർക്ക് 800 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 400 രൂപയുമാണ് അപേക്ഷാ ഫീസ്. അപേക്ഷയുടെ അന്തിമ സമർപ്പണത്തിനുള്ള അവസാന തീയതി ജൂൺ 7 ആണ്. പ്രോസ്പെക്ടസ്സ് വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാം.ബി.എസ്.സി നഴ്സിംഗിനും, ബി.എ.എസ്.എൽ.പി, ബി.എസ്.സി പ്രോസ്തെറ്റിക്സ് ആൻഡ് ഓർത്തോറ്റിക്സ് ഇവ ഒഴികെയുള്ള മറ്റ് പാരാമെഡിക്കൽ കോഴ്സുകൾക്കും കേരള ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ബോർഡിന്റെ +2/ഹയർ സെക്കണ്ടറി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷയോ പാസ്സായിരിക്കണമെന്ന നിബന്ധനയ്ക്കു വിധേയമായി ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്കു മൊത്തത്തിൽ 50% മാർക്കോടെ ജയിച്ചവർ പ്രവേശനത്തിന് അർഹരാണ്. ഫിസിക്സ്, കെമിസ്ട്രി, ബയോളജി ഓരോന്നും പ്രത്യേകം പാസ്സായിരിക്കണം.

ബി.എ.എസ്സ്.എൽ.പി കോഴ്സിന് കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ +2/ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷയോ പാസ്സായിരിക്കണമെന്ന നിബന്ധനയ്ക്കു വിധേയമായി ഫിസിക്സ്, കെമിസ്ട്രി, ബയോളജി /മാത്തമറ്റിക്സ് /കമ്പ്യൂട്ടർ സയൻസ്/ സ്റ്റാറ്റിസ്റ്റിക്സ്/ ഇലക്ട്രോണിക്സ്/ സൈക്കോളജി എന്നിവയ്ക്കു മൊത്തത്തിൽ 50% മാർക്കോടെ ജയിച്ചവർ ആയിരിക്കണം. ഫിസിക്സ്, കെമിസ്ട്രി, ബയോളജി ഓരോന്നും പ്രത്യേകം പാസ്സായിരിക്കണം.ബി.എസ്.സി പ്രോസ്തെറ്റിക്സ് ആൻഡ് ഓർത്തോറ്റിക്സ് കോഴ്സിന് കേരള ഹയർ സെക്കന്ററി വിദ്യാഭ്യാസ ബോർഡിന്റെ +2/ഹയർ സെക്കന്ററി പരീക്ഷയോ തത്തുല്യമെന്ന് അംഗീകരിക്കപ്പെട്ട മറ്റേതെങ്കിലും പരീക്ഷയോ പാസ്സായിരിക്കണമെന്ന നിബന്ധനയ്ക്കു വിധേയമായി ഇംഗ്ലീഷ്, ഫിസിക്സ്, കെമിസ്ട്രി, ബയോളജി/മാത്തമറ്റിക്സ് എന്നിവയ്ക്കു മൊത്തത്തിൽ 50% മാർക്കോടെ ജയിച്ചവർ ആയിരിക്കണം. ഫിസിക്സ്, കെമിസ്ട്രി, ബയോളജി ഓരോന്നും പ്രത്യേകം പാസ്സായിരിക്കണം.കേരള വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷ കേരള ഹയർ സെക്കണ്ടറി പരീക്ഷക്ക് തത്തുല്യ യോഗ്യതയായി അംഗീകരിച്ചിട്ടുണ്ട്.സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന വിഭാഗക്കാർക്കും, ഭിന്നശേഷി വിഭാഗക്കാർക്കും 5% മാർക്ക് ഇളവ് അനുവദിക്കും. പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ യോഗ്യതാപരീക്ഷ ജയിച്ചാൽ മാത്രം മതിയാകും. ഛഋഇ അപേക്ഷകർക്ക് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഒഴിവുള്ള സീറ്റുകൾ നൽകിയാലും മാർക്കിളവിന് യോഗ്യതാ പരീക്ഷയിൽ ടഋആഇ അപേക്ഷകർക്ക് അനുവദിക്കുന്ന സൗജന്യം മാത്രമേ ലഭ്യമാകുകയുള്ളൂ. അപേക്ഷാർത്ഥികൾ 2024 ഡിസംബർ 31 ന് 17 വയസ് പൂർത്തീകരിച്ചിരിക്കണം. ബി.എസ്.സി നഴ്സിംഗ് കോഴ്സിനുള്ള ഉയർന്ന പ്രായപരിധി 35 വയസ്സാണ്. നിശ്ചിത പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതല്ല. പാരാമെഡിക്കൽ കോഴ്സുകൾക്ക് ഉയർന്ന പ്രായപരിധിയില്ല. ബി.എസ്.സി. (എം.എൽ.റ്റി.), ബി.എസ്.സി (ഒപ്റ്റോമെട്രി) എന്നീ കോഴ്സുകളിലെ സർവ്വീസ് ക്വാട്ടയിലേയ്ക്കുള്ള അപേക്ഷാർത്ഥികൾക്ക് ഉയർന്ന പ്രായപരിധി 2025 ഡിസംബർ 31 ന് പരമാവധി 46 വയസ്സാണ്. സർവ്വീസ് ക്വാട്ടായിൽ അപേക്ഷിക്കുന്നവർ പ്രോസ്പെക്ടസ്സിൽ പ്രതിപാദിക്കുന്ന പ്രകാരം അപേക്ഷിക്കണം.കൂടുതൽ വിവരങ്ങൾ 04712560363, 364 എന്നീ നമ്പറുകളിലും www.lbscentre.kereala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

# കുടുംബശ്രീ എസ്.വി.ഇ.പി പദ്ധതി വഴി രൂപീകരിച്ചത് 40187 സൂക്ഷ്മ സംരംഭങ്ങൾ

## ഗ്രാമീണ മേഖലയിലെ അര ലക്ഷത്തോളം വനിതകൾക്ക് ഉപജീവനം

തിരുവനന്തപുരം: ഗ്രാമീണ മേഖലയിൽ വനിതാ സംരംഭകത്വം വികസിപ്പിക്കുന്നതിനായി കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന എസ്.വി.ഇ.പി (സ്റ്റാർട്ടപ് വില്ലേജ് എൻറർപ്രണർഷിപ് പ്രോഗ്രാം) പദ്ധതി വഴി രൂപീകരിച്ചത് 40187 സൂക്ഷ്മ സംരംഭങ്ങൾ. അയൽക്കൂട്ട അംഗങ്ങൾക്ക് മെച്ചപ്പെട്ട ഉപജീവന മാർഗമൊരുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. നിലവിൽ അര ലക്ഷത്തോളം വനിതകൾക്ക് മെച്ചപ്പെട്ട ഉപജീവന മാർഗം ലഭ്യമായിട്ടുണ്ട്.

സംസ്ഥാനത്ത് പദ്ധതിക്കായി അനുമതി ലഭിച്ച 43 ബ്ളോക്കുകളിൽ 33 എണ്ണത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. ദേശീയ ഗ്രാമീണ ഉപജീവന മിഷനുമായി ചേർന്നുകൊണ്ടാണ് പദ്ധതി നടത്തിപ്പ്. 28705 സംരംഭങ്ങൾക്ക് കമ്യൂണിറ്റി എൻറർപ്രൈസ് ഫണ്ട് ഇനത്തിൽ 117.93 കോടി രൂപയുടെ വായ്പാ സഹായവും പദ്ധതി വഴി ലഭ്യമാക്കി. അയൽക്കൂട്ട വനിതകൾക്ക് മികച്ച വരുമാന ലഭ്യത ഉറപ്പുവരുത്താൻ കഴിയുന്നതോടൊപ്പം പ്രാദേശിക സാമ്പത്തിക വികസനത്തിനും പദ്ധതി സഹായകമാകുന്നു.

2017-ൽ എറണാകുളം ജില്ലയിലെ വടവുകോട്, പത്തനംതിട്ടയിൽ പറക്കോട് ബ്ളോക്കുകളിലാണ് കേന്ദ്രാവിഷ്കൃത സൂക്ഷ്മ സംരംഭ വികസന പദ്ധതിയായ എസ്.വി.ഇ.പി പദ്ധതിക്ക് തുടക്കമിട്ടത്. തുടർന്ന് പ്രവർത്തന മികവിൻറെ അടിസ്ഥാനത്തിൽ കൂടുതൽ ബ്ളോക്കുകളിൽ പദ്ധതി നടത്തുന്നതിനുള്ള കേന്ദ്രാനുമതി കുടുംബശ്രീ നേടിയെടുക്കുകയായിരുന്നു.

അയൽക്കൂട്ട വനിതകൾക്കായി ചെറുകിട സംരംഭങ്ങളുടെ രൂപീകരണവും ഒപ്പം ഗുണമേൻമയുള്ള ഉൽപന്നങ്ങളുടെയും മൂല്യവർധിത ഉൽപന്നങ്ങളുടെയും ഉൽപാദനവും പദ്ധതി പ്രോത്സാഹിപ്പിക്കുന്നു. കൂടാതെ ഉൽപന്ന വിപണനത്തിനുള്ള പിന്തുണകളും കുടുംബശ്രീ ലഭ്യമാക്കും.

എസ്.വി.ഇ.പി പദ്ധതിയുടെ ഭാഗമായി ഓരോ ബ്ളോക്കിലും അതത് ബ്ളോക്കിനു കീഴിലെ സി.ഡി.എസ് അധ്യക്ഷമാരും വരുമാനദായക ഉപസമിതികൺവീനർമാരും അംഗങ്ങളായ ബി.എൻ.എസ്.ഇ.പി(ബ്ളോക്ക് നോഡൽ സൊസൈറ്റി ഫോർ എൻറർപ്രൈസ് പ്രമോഷൻ)യും പ്രവർത്തിക്കുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി ലഭിക്കുന്ന അപേക്ഷകൾ വിലയിരുത്തുന്നതിനും സംരംഭ മേഖലയിലേക്ക് കടന്നു വരുന്ന കുടുംബശ്രീ അംഗങ്ങൾക്കും അല്ലാത്തർക്കും ആവശ്യമായ മാർഗനിർദേശങ്ങളും മറ്റു പിന്തുണകളും ഇവിടെ നിന്നു ലഭിക്കും.

സംരംഭകർക്ക് ആവശ്യമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, തൊഴിൽ വൈദഗ്ധ്യ പരിശീലനം, ബാങ്ക് വായ്പ, ഉൽപന്ന വിപണനം, ബ്രാൻഡിങ്ങ്, കുടുംബശ്രീയുടെയും വിവിധ വകുപ്പുകളുടെയും സ്കീമുകൾ വഴി ലഭ്യമാകുന്ന സാമ്പത്തിക പിന്തുണകൾ എന്നിവ ബി.എൻ.എസ്.ഇ.പിയിലെ കുടുംബശ്രീ മൈക്രോ എൻറർപ്രൈസ് കൺസൾട്ടൻറ്മാർ മുഖേന ലഭ്യമാക്കും. ഗ്രാമീണ മേഖലയിൽ സംരംഭരൂപീകരണ പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിനുള്ള ബ്ളോക്ക് റിസോഴ്സ് സെൻററുകളുമായി ചേർന്നു കൊണ്ടാണ് ഇവരുടെ പ്രവർത്തനം.

# ലക്ഷ്യം കൈവരിച്ച് ലക്ഷ്യ

## പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നത ജോലികളിൽ വഴികാട്ടി

രണ്ടു പേർ സിവിൽ സർവീസിൽ, ഒരാൾ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ. സംസ്ഥാനത്തെ പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള സംസ്ഥാന സർക്കാരിന്റെ ലക്ഷ്യ പദ്ധതിയുടെ നേട്ടമാണിത്. ലക്ഷ്യ പദ്ധതിയുടെ ഭാഗമായി പരിശീലനം നേടിയ ആറു പേർ കെ. എ. എസ് പ്രിലിമിനറിയും മെയിൻസും പാസായിരുന്നു. എന്നാൽ ഇന്റർവ്യൂ എന്ന കടമ്പയിൽ തട്ടി വീണു. അല്ലായിരുന്നെങ്കിൽ ലക്ഷ്യയുടെ തിളക്കം കൂടിയേനെ.

2019ലാണ് ലക്ഷ്യ എന്ന് പേരിട്ട് പദ്ധതി തുടങ്ങിയത്. രാജ്യത്തിന്റെ ഭരണ നിർവഹണ തലത്തിലേക്ക് പട്ടികജാതി വിഭാഗത്തിലെ മിടുക്കരായ വിദ്യാർത്ഥികളെ എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതി സംസ്ഥാന സർക്കാർ നടപ്പിലാക്കിയത്.

2025ൽ സിവിൽ സർവീസിൽ 835 ആം റാങ്ക് നേടിയ ജി കിരണും 2024 ൽ ഇന്ത്യൻ റവന്യൂ സർവീസ് നേടിയ രവീൻ കെ മനോഹരനും ആണ് ലക്ഷ്യ സഹായത്തോടെ സിവിൽ സർവീസിലെത്തിയത്. കെ. എ. എസ് വിജയിച്ച ടി. ജയൻ പൊതുമരാമത്ത് വകുപ്പിൽ (റോഡ്സ്) ഫിനാൻസ് ഓഫീസറായി പ്രവർത്തിക്കുന്നു. 240 പരീക്ഷാർത്ഥികൾക്ക് ഇതുവരെ 4,04,56,115 രൂപ സ്കോളർഷിപ്പ് ലക്ഷ്യയിലൂടെ അനുവദിച്ചു. നിലവിൽ 60 പേരുടെ ബാച്ച് പരിശീലനത്തിലാണ്.

ലക്ഷ്യ സ്കോളർഷിപ്പിന്റെ സഹായത്തോടെ വിദ്യാർത്ഥികൾ മികച്ച സ്ഥാപനങ്ങളിലാണ് പരിശീലനം നേടുന്നത്. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ഐ.സി.എസ്.ഇ.റ്റി.എസ്) നടത്തുന്ന എൻട്രൻസ് പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിലാണ് വിദ്യാർത്ഥികളെ പരിശീലനത്തിനായി തെരഞ്ഞെടുക്കുക. സംസ്ഥാനത്തിനു പുറത്തും പരിശീലനം നേടുന്നതിന് അവസരമുണ്ട്.ഒരു വർഷം 60 പേർക്കാണ് പരിശീലനം. ഇതിൽ 50 പേർക്ക് കേരളത്തിൽ അവർ താൽപര്യപ്പെടുന്ന സ്ഥാപനങ്ങളിൽ പരിശീലനം നൽകും. 10 പേർക്ക് കേരളത്തിന് പുറത്തുള്ള സ്ഥാപനങ്ങളിലാണ് പരിശീലനം. ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതിയിലെ ആകെ സീറ്റിന്റെ 25 ശതമാനം പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളായ വേടൻ, നായാടി, അരുന്ധതിയാർ, ചക്കിലിയൻ, കള്ളാടി വിഭാഗങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്.പരിശീലനം നടത്തുന്നതിനുള്ള ആനുകൂല്യങ്ങൾ യഥാർത്ഥ ചെലവുകൾക്ക് വിധേയമായി നൽകും. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി പ്രിൻസിപ്പലിന്റെ പരിശോധനയുടേയും പഠന പുരോഗതി വിലയിരുത്തലുകളുടേയും അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പ് അനുവദിക്കുക.കോഴ്സ് ഫീസിനത്തിൽ പരമാവധി 1 ലക്ഷം രൂപ, പ്രതിമാസം 7500 രൂപ ഹോസ്റ്റൽ ഫീസ്, പ്രതിമാസം 1500 രൂപ പോക്കറ്റ് മണി, 5000 രൂപ ബുക്ക് കിറ്റ് അലവൻസ്, പതിനായിരം രൂപ വീതം പ്രിലിംസ്, മെയിൻസ് എഴുത്തു പരീക്ഷ പരിശീലനത്തിന് - എന്ന രീതിയിലാണ് സ്കോളർഷിപ്പ് തുക സംസ്ഥാനത്തിനുള്ളിൽ പരിശീലനത്തിന് നൽകുന്നത്. കേരളത്തിന് പുറത്തുള്ള പരിശീലനത്തിന് കോഴ്സ് ഫീസിനത്തിൽ പരമാവധി ഒന്നര ലക്ഷം രൂപ, പ്രതിമാസം പതിനായിരം രൂപ ഹോസ്റ്റൽ ഫീസ്, പ്രതിമാസം 1500 രൂപ പോക്കറ്റ് മണി, 5000 രൂപ ബുക്ക് കിറ്റ് അലവൻസ്, പതിനായിരം രൂപ വീതം പ്രിലിംസ്, മെയിൻസ് എഴുത്തു പരീക്ഷ സ്കോളർഷിപ്പ് ഇനത്തിൽ ലഭിക്കും.അംഗീകൃത സർവകലാശാല ബിരുദമാണ് സ്കോളർഷിപ്പിന് അപേക്ഷിക്കാനുള്ള അടിസ്ഥാന യോഗ്യത. ംWW.icsets.org വഴിയാണ് അപേക്ഷ സ്വീകരിക്കുന്നത്.

# താത്പര്യപത്രം ക്ഷണിച്ചു

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കുന്ന പ്രത്യേക പരിശീലന പരിപാടികളായ റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം/ ഐ.ഐ.ടി/ എൻ.ഐ.ടി പരിശീലനം എന്നിവയിൽ 2025-26 വർഷത്തിൽ ഫിഷറീസ് വകുപ്പുമായി ചേർന്ന് പരിശീലനം നൽകുന്നതിനു താത്പര്യമുള്ള സ്ഥാപനങ്ങളിൽനിന്നും താത്പര്യപത്രം ക്ഷണിച്ചു.

അതത് മേഖലകളിൽ അഞ്ചുവർഷത്തെ പ്രവൃത്തന പരിചയമുള്ള സ്ഥാപനങ്ങൾക്കാണ് താത്പര്യപത്രം സമർപ്പിക്കുന്നതിന് അർഹത. പഠന പശ്ചാത്തല സൗകര്യങ്ങൾ, താമസ സൗകര്യം, ഫീസ്, ഫാക്കൽറ്റി വിവരങ്ങൾ എന്നിവയും അവസാന മൂന്ന് വർഷത്തെ വിജയ വിവരങ്ങളും ഉൾപ്പെടുത്തിയാണ് പ്രൊപ്പോസൽ സമർപ്പിക്കേണ്ടത്. പ്രൊപ്പോസൽ സ്വീകരിക്കുന്ന അവസാന തീയതി മേയ് 30ന് വൈകിട്ട് 3 മണിവരെ. അന്നേ ദിവസം വൈകിട്ട് 3ന് ഹാജരുള്ള സ്ഥാപനങ്ങൾ/ പ്രതിനിധികളുടെ സാന്നിധ്യത്തിൽ പ്രൊപ്പോസൽ തുറന്ന് പരിശോധിക്കും. കൂടുതൽവിവരങ്ങൾക്ക് വികാസ് ഭവനിൽ പ്രവർത്തിക്കുന്ന ഫിഷറീസ് വകുപ്പ് ഡയറക്ടറുടെ ഓഫീസുമായി ബന്ധപ്പെടാം. ഫോൺ: 0471-2305042.

# സൈക്കോളജിസ്റ്റ് അഭിമുഖം

ഗവ. കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ 2025-26 അധ്യയന വർഷത്തേക്കുള്ള ജീവനി കോളേജ് സൈക്കോളജിസ്റ്റ് (ഓൺ കോൺട്രാക്ട്) ഉദ്യോഗാർഥികളെ പ്രതിമാസം 20,000 രൂപ നിരക്കിൽ നിയമിക്കുന്നതിനായുള്ള അഭിമുഖം 16ന് രാവിലെ 11 മണിക്ക് കോളേജ് ഓഫീസിൽ വച്ച് നടത്തുന്നതാണ്. റെഗുലർ പഠനത്തിലൂടെ സൈക്കോളജിയിൽ ബിരുദാനന്തര ബിരുദം നേടിയ ഉദ്യോഗാർഥികൾ യോഗ്യത, ജനനതീയതി, മുൻപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ സഹിതം അഭിമുഖത്തിന് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 9847245617.

# ക്യാമ്പ് സിറ്റിങ്

കേരള ലോകായുക്ത കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ക്യാമ്പ് സിറ്റിങ് നടത്തുന്നു. മെയ് 27, 28 തീയതികളിൽ കണ്ണൂർ കോൺഫറൻസ് ഹാളിലും മെയ് 29, 30 തീയതികളിൽ കോഴിക്കോട് ഗവൺമെന്റ് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിലും നടക്കുന്ന ക്യാമ്പ് സിറ്റിങ്ങിന് ലോകായുക്ത ജസ്റ്റിസ് എൻ. അനിൽകുമാറും ഉപലോകായുക്ത ജസ്റ്റിസ് ഷെർസി വി യും നേതൃത്വം നൽകും. രാവിലെ 10.30 മുതൽ ആരംഭിക്കുന്ന സിറ്റിങ്ങിൽ നിശ്ചിത ഫോറത്തിലുള്ള പുതിയ പരാതികൾ സ്വീകരിക്കും.

# ഇന്റർവ്യൂ: സൈക്കോളജി അപ്രെൻറ്റിസ്

കാര്യവട്ടം സർക്കാർ കോളേജ്, എസ്.എൻ കോളേജ് ചെമ്പഴന്തി, എം.ജി കോളേജ് തിരുവനന്തപുരം എന്നിവിടങ്ങളിലേക്കായി 2025-26 അധ്യയനവർഷത്തിലേക്ക് താത്കാലികമായി സൈക്കോളജി അപ്രെൻറ്റിസുമാരുടെ ഒഴിവുണ്ട്. കോളേജുകളെ ക്ലസ്റ്ററുകളായി തിരിച്ച് ആകെ രണ്ട് ഒഴിവുകളാണുള്ളത്. ഉദ്യോഗാർത്ഥികൾ റെഗുലർ പഠനത്തിലൂടെ സൈക്കോളജിയിൽ ബിരുദാനന്തര ബിരുദം ഉള്ളവരായിരിക്കണം. ക്ലിനിക്കൽ സൈക്കോളജിയിലെ പ്രവൃത്തിപരിചയം അഭിലഷണീയ യോഗ്യതയായി പരിഗണിക്കും. താല്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം മേയ് 23 ന് രാവിലെ 10 മണിക്ക് കാര്യവട്ടം സർക്കാർ കോളേജ് പ്രിൻസിപ്പൾ മുൻപാകെ ഇൻറർവ്യൂവിനു ഹാജരാകണം. വിശദവിവരങ്ങൾക്ക്: 9188900161, 0471-2417112.

# അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളജിൽ മെഡിക്കൽ ജനറ്റിക്സ് വിഭാഗത്തിനു കീഴിലെ ഐ.സി.എം.ആർ പ്രോജക്ടിലേക്ക് പ്രോജക്ട് ടെക്നിക്കൽ സപ്പോർട്ട് കകക (സ്റ്റാഫ് നഴ്സ്) തസ്തികയിൽ കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. ഒരൊഴിവാണുള്ളത്. പ്രായപരിധി 40 വയസ്. യോഗ്യത: അംഗീകൃത സർവകലാശാലയിൽനിന്നും ബി.എസ്.സി നഴ്സിങ് ബിരുദം. കൂടാതെ എം.എസ്.സി നഴ്സിങ്, ഐ.സി.എം.ആർ/ ഡി.എച്ച്.ആർ/ ഡി.ബി.ടി യ്ക്ക് കീഴിലെ ന്യു ബോൺ/ പീഡിയാട്രിക് പ്രൊജക്ടുകളിൽ സേവനപരിചയം, ഇൻഫന്റ് ബ്ലഡ് സാമ്പിൾ കളക്ഷൻ, ഹീൽ പ്രിക് കളക്ഷൻ, ന്യൂ ബോൺ സ്ക്രീനിങ് പ്രോഗ്രാം എന്നിവയിൽ പ്രവൃത്തിപരിചയം, ഡാറ്റാ കളക്ഷൻ ആൻഡ് മാനേജ്മെന്റിൽ പ്രവൃത്തിപരിചയം ഒപ്പം കമ്പ്യൂട്ടർ പരിജ്ഞാനം എന്നിവ അഭികാമ്യം. കരാർ കാലാവധി ഒരു വർഷമാണ്. ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം, മേൽവിലാസം എന്നിവ തെളിയിക്കുന്ന സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം മേയ് 26ന് രാവിലെ 11ന് പ്രിൻസിപ്പലിന്റെ കാര്യാലയത്തിൽ നേരിട്ട് ഹാജരാകണം.

# അഭിമുഖം നടത്തും

തിരുവനന്തപുരം സർക്കാർ നിയമ കലാലയത്തിൽ 2025 26 അദ്ധ്യയന വർഷത്തിൽ നിയമ വിഷയത്തിൽ രണ്ട് ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതിനായി മേയ് 28 ന് രാവിലെ 10.30 ന് അഭിമുഖം നടത്തും. കോളേജ് വിദ്യാഭ്യാസ വകുപ്പ് കൊല്ലം ഡെപ്യൂട്ടി ഡയറക്ടറേറ്റിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ യു.ജി.സി നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളുമായി കലാലയ ഓഫീസിൽ അഭിമുഖത്തിന് ഹാജരാകണം. അപേക്ഷകൾ മേയ് 24 ന് മുൻപായി ഓഫീസിൽ നേരിട്ടോ ഇ-മെയിൽ മുഖേനയോ സമർപ്പിക്കണം.

# ബാല സാഹിത്യ പുസ്തകമേള

കേരള സ്റ്റേറ്റ് ജവഹർ ബാലഭവൻ അവധിക്കാല ക്ലാസ്സുകളുടെ സമാപനാഘോഷങ്ങളുടെ ഭാഗമായി മെയ് 26 മുതൽ 31 വരെ ബാല സാഹിത്യ പുസ്തകമേള നടത്തും. മേളയിൽ 16 വയസ്സിന് താഴെയുള്ള കുട്ടികൾ എഴുതിയ പുസ്തകങ്ങൾ ഉൾപ്പെടുത്താൻ താൽപ്പര്യമുള്ള കുട്ടികളുടെ രക്ഷിതാക്കൾ മെയ് 25ന് മുമ്പ് തിരുവനന്തപുരം ബാലഭവനിൽ പുസ്തകങ്ങൾ എത്തിക്കണം.

# ഇന്റർവ്യൂ - ഗസ്റ്റ് ലക്ചറർ

കാര്യവട്ടം സർക്കാർ കോളേജിൽ ബോട്ടണി വിഷയത്തിൽ ഗസ്റ്റ് അദ്ധ്യാപക ഒഴിവുണ്ട്. കൊല്ലം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ തയ്യാറാക്കിയിട്ടുള്ള ഗസ്റ്റ് അദ്ധ്യാപക പാനലിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം മേയ് 21ന് രാവിലെ 10.30 മണിക്ക് പ്രിൻസിപ്പൽ മുൻപാകെ ഇന്റർവ്യൂവിനു ഹാജരാകണം. വിശദവിവരങ്ങൾക്ക്: 0471-2417112, 9188900161.

# പരീക്ഷാ തീയതി മാറ്റി

മേയ് 20ന് ദേശീയ പണിമുടക്ക് പ്രഖ്യാപിച്ചിട്ടുള്ളതിനാൽ 19 മുതലുള്ള കെ.ജി.ടി. ഷോർട്ട് ഹാൻഡ് പരീക്ഷ 21 മുതൽ ആരംഭിക്കുന്ന രീതിയിൽ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയതിന്റെ പുതുക്കിയ സമയ വിവര പട്ടിക പരീക്ഷാഭവന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

# കുടുംബാരോഗ്യ കേന്ദ്രത്തിൽ ആഴ്ചയിൽ രണ്ട് ദിവസം പ്രത്യേക കാൻസർ സ്ക്രീനിംഗ് ക്ലിനിക്: മന്ത്രി വീണാ ജോർജ്

## പുരുഷൻമാർക്കും കാൻസർ സ്ക്രീനിംഗ് സംവിധാനം

കുടുംബാരോഗ്യ കേന്ദ്രത്തിൽ ആഴ്ചയിൽ രണ്ട് ദിവസം പ്രത്യേക കാൻസർ സ്ക്രീനിംഗ് ക്ലിനിക് പ്രവർത്തിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കാൻസർ പ്രതിരോധത്തിനും ബോധവൽകരണത്തിനും ചികിത്സയ്ക്കുമായി ആരോഗ്യ വകുപ്പ് നടപ്പിലാക്കി വരുന്ന 'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം' ജനകീയ കാൻസർ ക്യാമ്പയിൻ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണിത്.

പുരുഷൻമാർക്കും സ്ക്രീനിംഗ് സംവിധാനം ഉണ്ടായിരിക്കുന്നതാണ്. എല്ലാവരും സ്ക്രീനിംഗിൽ പങ്കെടുത്ത് കാൻസർ ഇല്ലായെന്ന് ഉറപ്പാക്കണം. അഥവാ രോഗസാധ്യത കണ്ടെത്തിയാൽ ആരംഭത്തിൽ തന്നെ ചികിത്സിച്ച് ഭേദമാക്കാവുന്നതാണ്. കാൻസർ രോഗത്തെ കുറിച്ചുള്ള ഭയവും ആശങ്കയും അകറ്റാനും കാൻസർ സാധ്യത സ്വയം കണ്ടെത്താനും ലക്ഷ്യമിട്ട് ശക്തമായ ബോധവൽകരണ പ്രവർത്തനങ്ങൾ നടത്താനും മന്ത്രി നിർദേശം നൽകി. മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന അവലോകന യോഗത്തിലാണ് നിർദേശം നൽകിയത്.

ലോക കാൻസർ ദിനമായ ഫെബ്രുവരി 4 ന് ആരംഭിച്ച ഈ ക്യാമ്പയിനിലൂടെ 15.5 ലക്ഷത്തോളം പേർക്ക് സ്ക്രീനിംഗ് നടത്തി. ഇവരിൽ ആവശ്യമായവർക്ക് തുടർ പരിശോധനയും ചികിത്സയും ഉറപ്പാക്കാൻ നിർദേശം നൽകി. ഈ ക്യാമ്പയിനിലൂടെ നിലവിൽ 242 പേർക്ക് കാൻസർ സ്ഥിരീകരിച്ചിട്ടുണ്ട്. ഇവരിൽ ഭൂരിപക്ഷം പേരിലും പ്രാരംഭ ഘട്ടത്തിൽ തന്നെ കാൻസർ കണ്ടുപിടിക്കാനായതിനാൽ ചികിത്സിച്ച് വേഗം ഭേദമാക്കാൻ സാധിക്കും.

പല കാൻസറുകളും വളരെ നേരത്തെ കണ്ടെത്തി ചികിത്സിച്ചാൽ ഭേദമാക്കാൻ സാധിക്കും. സ്ത്രീകളെ പ്രധാനമായി ബാധിക്കുന്ന സ്തനാർബുദം, ഗർഭാശയഗള കാൻസർ എന്നിവയോടൊപ്പം മറ്റ് കാൻസറുകളും സ്ക്രീനിംഗ് നടത്തുന്നുണ്ട്. പുരുഷൻമാരിൽ വായ്, മലാശയം, ശ്വാസകോശം, പ്രോസ്റ്റേറ്റ്, കരൾ എന്നിവയെ ബാധിക്കുന്ന കാൻസറുകളാണ് കൂടുതലായി കാണുന്നത്. പുകവലി, മദ്യപാനം, അനാരോഗ്യകരമായ ഭക്ഷണശീലങ്ങൾ, വ്യായാമമില്ലായ്മ തുടങ്ങിയ ജീവിതശൈലീ മാറ്റങ്ങൾ പുരുഷന്മാരിലെ കാൻസർ സാധ്യത വർധിപ്പിക്കുന്നു.

പുകയില ഉത്പന്നങ്ങളുടെ ഉപയോഗം വായ, ശ്വാസകോശം, അന്നനാളം, ആമാശയം തുടങ്ങിയ ഭാഗങ്ങളിലെ കാൻസറിന് പ്രധാന കാരണമാണ്. അതുപോലെ മദ്യപാനം കരൾ, അന്നനാളം, വായ എന്നിവിടങ്ങളിലെ കാൻസറിന് സാധ്യത കൂട്ടുന്നു. ദിവസവും കുറഞ്ഞത് 30 മിനിറ്റെങ്കിലും വ്യായാമം ചെയ്യുക, ശരീരഭാരം നിയന്ത്രിക്കുക എന്നിവയും പ്രധാനമാണ്.

ശരീരത്തിൽ ഉണ്ടാകുന്ന അസാധാരണമായ മാറ്റങ്ങൾ അവഗണിക്കരുത്. അമിതമായി ഭാരം കുറയുക, വിട്ടുമാറാത്ത ചുമ അല്ലെങ്കിൽ ശബ്ദത്തിലെ മാറ്റം, മലബന്ധം, മൂത്രതടസം, ശരീരത്തിലെ മുഴകൾ തുടങ്ങിയ ലക്ഷണങ്ങൾ കണ്ടാൽ ഉടൻതന്നെ ഡോക്ടറെ സമീപിക്കേണ്ടത് അത്യാവശ്യമാണ്.

ചില കാൻസറുകൾ പ്രാരംഭ ഘട്ടത്തിൽ ലക്ഷണങ്ങൾ കാണിക്കണമെന്നില്ല. അതിനാൽ, കൃത്യമായ ഇടവേളകളിൽ ആരോഗ്യ പരിശോധനകൾ നടത്തുന്നത് രോഗം നേരത്തെ കണ്ടെത്താനും ചികിത്സിക്കാനും സഹായിക്കും. അതിനാൽ എല്ലാവരും സ്ക്രീനിംഗ് സൗകര്യമുള്ള തൊട്ടടുത്ത ആരോഗ്യ കേന്ദ്രങ്ങളിലെത്തി സ്ക്രീനിംഗിൽ പങ്കെടുക്കേണ്ടതാണ്.

സർക്കാർ ആശുപത്രികൾക്ക് പുറമേ സ്വകാര്യ ആശുപത്രി, സ്വകാര്യ ലാബുകൾ എന്നിവരും സഹകരിക്കുന്നുണ്ട്. പരിശോധനയിൽ കാൻസർ സ്ഥിരീകരിക്കുന്നവർക്ക് ചികിത്സയും തുടർപരിചരണവും ലഭ്യമാക്കുന്നതാണ്.

ബിപിഎൽ വിഭാഗക്കാർക്ക് പൂർണമായും സൗജന്യമായിട്ടാണ് പരിശോധന. എപിഎൽ വിഭാഗക്കാർക്ക് മിതമായ നിരക്കിലും പരിശോധനാ സൗകര്യം ഒരുക്കിയിട്ടുണ്ട്.

# ടെക് നിക്കൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ പതിനൊന്നാം ക്ലാസ് പ്രവേശനം

കേരള സർക്കാർ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റിന്റെ നിയന്ത്രണത്തിലുള്ള ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ 2025-26 അധ്യയന വർഷത്തിൽ 11 സ്റ്റാന്റേർഡ് പ്രവേശനത്തിനായി അപേക്ഷ ക്ഷണിച്ചു. വേൈ.ശവൃറ.മര.ശി വെബ്സൈറ്റ് മുഖേന ഓൺലൈൻ ആയും അതാത് സ്കൂളുകളിൽ നേരിട്ടെത്തി ഓഫ്ലൈനായും അപേക്ഷ സമർപ്പിക്കാം. ഓൺലൈൻ മുഖേന അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മേയ് 27ന് വൈകിട്ട് 5 മണി. രജിസ്ട്രേഷൻ ഫീസായ 110 രൂപ (എസ്.സി/എസ്.റ്റി വിദ്യാർഥികൾക്ക് 55 രൂപ) ഓൺലൈനായി അതാത് സ്കൂളുകളുടെ ബാങ്ക് അക്കൗണ്ട് മുഖേനയും സ്കൂൾ ക്യാഷ് കൗണ്ടറിൽ നേരിട്ടും അടയ്ക്കാവുന്നതാണ്. ഓൺലൈനായി അപേക്ഷിക്കുന്നവർക്ക് രജിസ്ട്രേഷൻ ഫീസ് അടച്ചതിന് ശേഷം രജിസ്ട്രേഷൻ ഫീസ് അടച്ചതിന്റെ വിശദവിവരങ്ങൾ വേൈ.ശവൃറ.മര.ശി ഓൺലൈൻ ലിങ്കിൽ നൽകണം.

ഓഫ്ലൈനായി അപേക്ഷിക്കുന്നവർ അപേക്ഷയും അനുബന്ധരേഖകളും രജിസ്ട്രേഷൻ ഫീസും സഹിതം (രജിസ്ട്രേഷൻ ഫീസ് അതാത് പ്രിൻസിപ്പാൾമാരുടെ പേരിലെടുത്ത ഡിമാന്റ് ഡ്രാഫ്റ്റായും സ്കൂൾ ക്യാഷ് കൗണ്ടറിലും അടയ്ക്കാവുന്നതാണ്) മേയ് 28ന് വൈകിട്ട് 4 നകം ബന്ധപ്പെട്ട സ്കൂളുകളിൽ സമർപ്പിക്കണം. ഐ.എച്ച്.ആർ.ഡി. യുടെ കീഴിൽ സംസ്ഥാനത്ത് മുട്ടട (തിരുവനന്തപുരം, 0471-2543888, 8547006804), അടൂർ (പത്തനംതിട്ട, 04734-224078, 8547005020), ചേർത്തല, (ആലപ്പുഴ, 0478-2552828, 8547005030), മല്ലപ്പള്ളി, (പത്തനംതിട്ട, 0469-2680574, 8547005010), പുതുപ്പള്ളി (കോട്ടയം, 0481-2351485, 8547005013), പീരുമേട് (ഇടുക്കി, 04869-232899, 8547005011/ 9744251846), മുട്ടം (തൊടുപുഴ, 0486-2255755, 8547005014), കലൂർ (എറണാകുളം, 0484-2347132, 8547005008), കപ്രാശ്ശേരി (എറണാകുളം, 0484-2604116, 8547005015), ആലുവ (എറണാകുളം, 0484-2623573, 8547005028), വരടിയം (തൃശൂർ, 0487-2214773, 8547005022), വാഴക്കാട് (മലപ്പുറം, 0483-2725215, 8547005009), വട്ടംകുളം (മലപ്പുറം 0494-2681498, 8547005012), പെരിന്തൽമണ്ണ (മലപ്പുറം, 04933-225086, 8547021210), തിരുത്തിയാട് (കോഴിക്കോട്, 0495-2721070, 8547005031) എന്നിവിടങ്ങളിലാണ് ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളുകൾ നിലവിലുള്ളത്. അപേക്ഷ സമർപ്പിക്കുന്നതിനുള്ള ലിങ്ക് ഐ.എച്ച്.ആർ.ഡിയുടെ വെബ്സൈറ്റ് ആയ ശവൃറ.മര.ശിൽ ലഭ്യമാണ്. വിശദ വിവരങ്ങൾ ംംം.ശവൃറ.മര.ശിലും അതാതു സ്കൂളുകളുടെ വെബ്സൈറ്റിലും ലഭിക്കും. ഫോൺ: 9447242722.

# പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു

സംസ്ഥാനത്ത് കളിമൺ പാത്ര നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ചിട്ടുള്ള ഒ.ബി.സി വിഭാഗത്തിൽപ്പെട്ട പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കി വരുന്ന പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം എന്ന പദ്ധതിക്ക് 2025-25 വർഷം ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ കൂടുതലാവരുത്. 60 വയസ്സു വരെയുള്ളവർക്ക് അപേക്ഷിക്കാം. www.bwin.kerala.gov.in എന്ന പോർട്ടൽ മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. ഇത് സംബന്ധിച്ചുള്ള വിജ്ഞാപനം www.bwin.kerala.gov.in, www.bedd.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചു. കൂടുതൽ വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ആഫീസുകളുമായി ബന്ധപ്പെടാം. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി മേയ് 31.

കൊല്ലം മേഖലാ ആഫീസ് - 0474 - 2914417

എറണാകുളം മേഖലാ ആഫീസ് - 0484 - 2429130

പാലക്കാട് മേഖലാ ആഫീസ് - 0492 - 2222335

കോഴിക്കോട് മേഖലാ ആഫീസ് - 0495 - 2377786

# ബലാത്സംഗത്തിനിര, 13 കാരിയുടെ 33 ആഴ്ചയായ ഗർഭം അലസിപ്പിക്കാൻ അനുമതി നൽകി കോടതി

അഹമ്മദാബാദ്: ബലാത്സംഗത്തിനിരയായ 13 കാരിയുടെ 33 ആഴ്ച പ്രായമുള്ള ഗർഭം അലസിപ്പിക്കാൻ അനുമതി നൽകി ഗുജറാത്ത് ഹൈക്കോടതി. പ്രത്യേക പോക്സോ കോടതി ഗർഭം അലസിപ്പിക്കാൻ അനുമതി നൽകിയിരുന്നില്ല. എന്നാൽ ഗർഭം അലസിപ്പിക്കൽ സാധ്യമാണെന്ന് മെഡിക്കൽ വിദഗ്ധർ നിർദേശിച്ചിട്ടുണ്ടെന്ന് ജസ്റ്റിസ് നിർസാർ ദേശായി ചൂണ്ടിക്കാട്ടി. പെൺകുട്ടിക്ക് അനീമിയ ബാധിച്ചതിനാൽ ഗർഭം അലസിപ്പിക്കുന്നതിൽ ചില ബുദ്ധിമുട്ടുകളുണ്ട്. രാജ്കോട്ട് സ്വദേശിയായ പെൺകുട്ടിയെ അയൽക്കാരൻ ആവർത്തിച്ച് പീഡിപ്പിക്കുകയും തുടർന്ന് പെൺകുട്ടി ഗർഭിണിയാവുകയുമായിരുന്നു. രണ്ടാനച്ഛനും ജോലിക്ക് പോയ സമയത്താണ് പെൺകുട്ടിയെ അയൽവാസി ബലാത്സംഗത്തിനിരയാക്കിയത്. 2025 മേയ് 3നാണ് കേസിൽ എഫ്ഐആർ രജിസ്റ്റർ ചെയ്തത്. മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസി ആക്ട് പ്രകാരം 20 ആഴ്ചയ്ക്ക് ശേഷമുള്ള ഗർഭഛിദ്രം നിരോധിച്ചിട്ടുണ്ട്. എന്നാൽ ഗർഭസ്ഥ ശിശുവിന് എന്തെങ്കിലും കുഴപ്പം, ഗർഭിണിയായ അമ്മയ്ക്ക് അപകട സാധ്യത, ലൈംഗികാതിക്രമത്തിൽ നിന്ന് അതിജീവിച്ചവർ എന്നിങ്ങനെയുള്ള സാഹചര്യത്തിൽ കോടതിയ്ക്ക് ഗർഭം അലസിപ്പിക്കാൻ അനുവാദം നൽകാൻ കഴിയും. എന്നാൽ അപകട സാധ്യതയുള്ളതുകൊണ്ട് മാതാപിതാക്കളിൽ നിന്ന് രേഖാമൂലമുള്ള സമ്മതം വാങ്ങിയ ശേഷം മാത്രമേ നടപടിക്രമങ്ങളുമായി മുന്നോട്ടു പോകാൻ പാടുള്ളൂവെന്നും കോടതി പറഞ്ഞു. പെൺകുട്ടിക്ക് സാധ്യമായ എല്ലാ പരിചരണവും നൽകുന്നുണ്ടെന്നും രക്ത വിതരണം പോലുള്ള അവശ്യ മെഡിക്കൽ സൗകര്യങ്ങൾ ഒരുക്കുന്നുണ്ടെന്നും ഉറപ്പാക്കണമെന്ന് ആശുപത്രി അധികൃതരോട് കോടതി നിർദേശിച്ചു.

# സമ്പൂർണ്ണ ലഹരി വിമുക്ത സമൂഹം സൃഷ്ടിക്കാൻ ജാഗ്രതയുള്ള യുവതലമുറയുടെ പങ്കാളിത്തം അത്യന്താപേക്ഷിതം: മന്ത്രി വി ശിവൻകുട്ടി

പോലീസും മറ്റ് നിയമ സംവിധാനങ്ങളും മാത്രം ശ്രമിച്ചാൽ സമ്പൂർണ്ണ ലഹരി വിമുക്ത സമൂഹം സൃഷ്ടിക്കാൻ കഴിയില്ലെന്നും അതിന് മനസ്സുള്ള, ജാഗ്രതയുള്ള, ഉത്സാഹമുള്ള യുവതലമുറയുടെ പങ്കാളിത്തം അത്യന്താപേക്ഷിതമാണെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി. എസ്.പി.സി കേഡറ്റുകൾ പങ്കെടുക്കുന്ന ലഹരി വിരുദ്ധ ക്യാമ്പയിന്റെ ഭാഗമായ ലീഡർഷിപ്പ് ഡെവലപ്പ്മെൻറ് സമിറ്റ് തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കേരള പോലീസ് ആരംഭിച്ച സ്റ്റുഡൻറ് പോലീസ് കേഡറ്റ് പദ്ധതി ഇന്ന് ലോകം തന്നെ അഭിമാനത്തോടെ നോക്കുന്ന ഒരു മാതൃകാപദ്ധതിയായി മാറിയിരിക്കുന്നു. പഠനത്തോടൊപ്പം സാമൂഹിക ബോധവും നിയമാനുസൃതമായ ജീവിതശൈലിയും പിൻതുടരുന്ന കുട്ടികളെ പാകപ്പെടുത്തുന്നതിനായുള്ള ഈ പദ്ധതി നമ്മുടെ വിദ്യാലയങ്ങളിലേക്കെത്തിയത് അഭിമാനകരമാണെന്നും മന്ത്രി പറഞ്ഞു. ഇപ്പോൾ കേരളമാകെ ഒരു വലിയ ചർച്ചയായി മാറിയിരിക്കുന്നത് ലഹരിമരുന്നുകളുടെ ഉപയോഗവും അതിന്റെ ദാരുണമായ ഫലങ്ങളുമാണ്. ഇത്തരത്തിൽ ഗുരുതരമായ പ്രശ്നങ്ങൾക്കെതിരേ പ്രവർത്തിക്കാനുള്ള വലിയ ഉത്തരവാദിത്വം സ്റ്റുഡൻറ് പോലീസ് കേഡറ്റുകൾക്ക് സമർപ്പിക്കപ്പെട്ടിരിക്കുകയാണ്. അവരുടെ സാമൂഹിക ഉത്തരവാദിത്വത്തെ അംഗീകരിച്ചാണ് സർക്കാർ എസ്.പി.സി കേഡറ്റുകളെ ആൻറി-ഡ്രഗ് അംബാസിഡർമാരായി പ്രഖ്യാപിച്ചത്.ലഹരിക്കെതിരെ എല്ലാ തലങ്ങളിലും ജാഗ്രത പുലർത്തേണ്ടത് ഒരു കടമയായി മാറുന്നു. എസ്.പി.സി കേഡറ്റുകൾ ഈ കൃത്യത്തിൽ മുൻപന്തിയിലായിരിക്കുകയാണ്. സർക്കാർ ഈ പദ്ധതിയെ എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിക്കാൻ മുൻകൈയെടുക്കും. ഓരോ എസ്.പി.സി കേഡറ്റും അവരുടെ വിദ്യാഭ്യാസ ജീവിതത്തിലും ഭാവിയിലും ആത്മവിശ്വാസവും സമർപ്പണബോധവും വളർത്തി നാടിന്റെ അഭിമാനമായി മാറുമെന്ന് വിശ്വസിക്കുന്നുവെന്നും കേഡറ്റുകളായി ഓരോരുത്തരും എടുത്തിരിക്കുന്ന പ്രതിജ്ഞ ജീവിതത്തിലും സമൂഹത്തിനും നേട്ടം നൽകുന്ന തരത്തിൽ നിറവേറ്റുവാൻ കഴിയട്ടെയെന്നും മന്ത്രി പറഞ്ഞു.

# വിവിധ തസ്തികകളിൽ അഭിമുഖം

കൈമനം സർക്കാർ വനിതാ പോളിടെക്നിക് കോളേജിലെ കമേഴ്സ്യൽ പ്രാക്ടീസ് വകുപ്പിൽ ഒഴിവുള്ള ലക്ചറർ, ഇൻസ്ട്രക്ടർ ഇൻ ഷോർട്ട് ഹാൻഡ്, ഇസ്ട്രക്ടർ ഇൻ എസ്.പി ആൻഡ് ബി.സി തസ്തികകളിൽ താൽക്കാലിക നിയമനത്തിന് മെയ് 23 ന് അഭിമുഖം നടത്തും. രാവിലെ 10 മണിക്കാണ് കമേഴ്സ്യൽ പ്രാക്ടീസ് വിഭാഗം ലക്ചറർ അഭിമുഖം. എം.കോം ഫസ്റ്റ് ക്ലാസും കമേഴ്സ്യൽ പ്രാക്ടീസിൽ ഡിപ്ലോമയുമാണ് യോഗ്യത. അന്നേദിവസം രാവിലെ 11 മണിക്ക് നടക്കുന്ന ഇസ്ട്രക്ടർ ഇൻ ഷോർട്ട് ഹാൻഡ്, ഇസ്ട്രക്ടർ ഇൻ എസ്.പി ആൻഡ് ബി.സി തസ്തികകൾക്ക് ബി.കോം ഫസ്റ്റ് ക്ലാസും കമേഴ്സ്യൽ പ്രാക്ടീസിൽ ഡിപ്ലോമയുമാണ് യോഗ്യത. താൽപര്യമുള്ള ഉദ്യോഗാർഥികൾ ബയോഡാറ്റ, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുമായി സ്ഥാപന മേധാവി മുൻപാകെ അഭിമുഖത്തിന് ഹാജരാകണം.

# പൊള്ളാച്ചി കൂട്ടബലാത്സംഗ കേസ്; 9 പ്രതികൾക്കും ജീവപര്യന്തം, വിധി രാഷ്ട്രീയ കോളിളക്കം സൃഷ്ടിച്ച കേസിൽ

കോയമ്പത്തൂർ: വിവാദമായ പൊള്ളാച്ചി കൂട്ടബലാത്സംഗ കേസിൽ ഒമ്പത് പ്രതികൾക്കും ജീവപര്യന്തം ശിക്ഷ വിധിച്ച് കോയമ്പത്തൂർ മഹിളാ കോടതി. ആറുവർഷം മുൻപുനടന്ന കേസിൽ പൊള്ളാച്ചി സ്വദേശികളായ എൻ. ശബരിരാജൻ (32), കെ. തിരുനാവുക്കരശ് (34), എം. സതീഷ് (33), ടി. വസന്തകുമാർ (30), ആർ. മണി (32), പി. ബാബു (33), ടി. ഹരോണിമസ് പോൾ (32), കെ. അരുൾനാഥം (39), എം. അരുൺകുമാർ എന്നിവർ കുറ്റക്കാരാണെന്ന് കോടതി കണ്ടെത്തിയിരുന്നു. ജഡ്ജി ആർ. നന്ദിനിദേവിയാണ് കേസിൽ വിധി പറഞ്ഞത്.

സർക്കാർ അഭിഭാഷകൻ 50-ലധികം സാക്ഷികളെയും 200-ലധികം രേഖകളും 400 ഡിജിറ്റൽ തെളിവുകളും ഹാജരാക്കി. എട്ട് അതിജീവിതമാർ കോടതിക്ക് മുന്നിൽ മൊഴി നൽകാൻ ഹാജരായി. പ്രതികൾ തങ്ങളുടെ പ്രായവും മാതാപിതാക്കളുടെ വാർധക്യവും ചൂണ്ടിക്കാട്ടി ദയ ആവശ്യപ്പെട്ടെങ്കിലും സ്ത്രീകൾക്കെതിരായ കൊടുംകുറ്റകൃത്യങ്ങൾ ഉൾപ്പെട്ട വളരെ അപൂർവമായ കേസാണിതെന്ന് വാദിച്ച പ്രോസിക്യൂഷൻ പരമാവധി ശിക്ഷ ആവശ്യപ്പെട്ടു.

മദ്രാസ് ഹൈക്കോടതിയുടെ നിർദേശമനുസരിച്ച് കോയമ്പത്തൂർ കോടതി സമുച്ചയത്തിൽ പ്രത്യേക കോടതി രൂപവത്കരിച്ചാണ് വിചാരണ തുടങ്ങിയത്. ഇരകളുടെയും സാക്ഷികളുടെയും സ്വകാര്യതയും സുരക്ഷയും മാനിച്ചായിരുന്നു നടപടികൾ. 2023 ഫെബ്രുവരി 14-ന് വിചാരണ ആരംഭിച്ചു. പലപ്പോഴും വീഡിയോ കോൺഫറൻസ് വഴിയാണ് പ്രതികളുടെ വാദം കേട്ടത്.

തമിഴ്നാട്ടിൽ ഏറെ രാഷ്ട്രീയവിവാദം സൃഷ്ടിച്ച കേസാണിത്. 2016-നും 2018-നുമിടയിൽ പ്രതികൾ പൊള്ളാച്ചിക്ക് ചുറ്റുമുള്ള സ്ഥലങ്ങളിലെ ഒട്ടേറെ വിദ്യാർത്ഥിനികളെയും വിവാഹിതരായ യുവതികളെയും ബലാത്സംഗം ചെയ്യുകയും അത് വീഡിയോയിൽ ചിത്രീകരിച്ച് പ്രചരിപ്പിക്കുകയും ചെയ്തു. 2019 ഫെബ്രുവരി 24-ന് പൊള്ളാച്ചി ഈസ്റ്റ് പൊലീസ് സ്റ്റേഷനിൽ 19-കാരിയായ കോളജ് വിദ്യാർത്ഥിനി നൽകിയ പരാതിയിലൂടെയാണ് സംഭവം പുറംലോകമറിയുന്നത്. 12 ദിവസംമുൻപ്, തന്നെ നാലുപേർ ഓടുന്ന കാറിൽവെച്ച് പീഡിപ്പിക്കുകയും അത് വീഡിയോയിൽ പകർത്തുകയും ചെയ്തതായി വിദ്യാർത്ഥിനി നൽകിയ പരാതിയിൽ പറഞ്ഞിരുന്നു. സ്വർണമാല കവർന്നതായും പരാതിയിൽ വ്യക്തമാക്കി.

പൊലീസ് കേസെടുത്ത് അന്വേഷണം നടത്തുകയും നാലുപേരെ അറസ്റ്റുചെയ്യുകയും ചെയ്തു. തുടർന്ന്, പ്രതികളുടെ മൊബൈൽ ഫോണും ലാപ്ടോപ്പും പരിശോധിച്ചപ്പോൾ ഒട്ടേറെ പെൺകുട്ടികളുടെ വീഡിയോദൃശ്യങ്ങൾ കണ്ടെത്തി. പ്രതികൾ പീഡിപ്പിക്കുന്നതിന്റെ ദൃശ്യങ്ങളാണ് കണ്ടത്. പൊള്ളാച്ചിയിലും പരിസരപ്രദേശങ്ങളിലും വെച്ചാണ് പീഡിപ്പിച്ചിരുന്നത്. ഇതിൽ കൂടുതലും നടന്നത് പ്രതിയായ തിരുനാവുക്കരശിന്റെ ചിന്നപ്പപ്പാളയത്തുള്ള ഫാം ഹൗസിലായിരുന്നു. കുറ്റകൃത്യത്തിന്റെ ഗൗരവം കണക്കിലെടുത്ത് കേസ് 2019 മാർച്ച് 12-ന് സിബിസിഐഡിക്ക് കൈമാറി. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന എടപ്പാടി പളനിസ്വാമി കേസ് ഏപ്രിൽ 25-ന് സിബിഐക്ക് കൈമാറുകയും ചെയ്തു.

സിബിഐ നടത്തിയ അന്വേഷണത്തിലാണ് ഒൻപത് പ്രതികളെയും അറസ്റ്റു ചെയ്തത്. പരാതി നൽകിയ വിദ്യാർത്ഥിനിയെ ധാരാപുരം റോഡിൽവെച്ച് പീഡിപ്പിക്കുകയും വീഡിയോ ചിത്രീകരിക്കുകയും ചെയ്തു. ഈ വീഡിയോ കാണിച്ച് വീണ്ടും പീഡിപ്പിക്കാൻ ശ്രമം തുടങ്ങിയപ്പോഴാണ് വിദ്യാർത്ഥിനി പോലീസിൽ പരാതി നൽകുന്നത്. കേസിൽ ശബരിരാജനാണ് മുഖ്യപ്രതിയെന്ന് അന്വേഷണസംഘം കണ്ടെത്തി. അന്വേഷണം മുറുകുകയും പ്രതികളെ അറസ്റ്റുചെയ്യുകയും ചെയ്തതോടെ പീഡനത്തിനിരയായ എട്ടുപേർ കൂടി പരാതിയുമായെത്തി.

കേസിലെ പ്രതിയായ അരുളാനന്ദം അണ്ണാ ഡിഎംകെയുടെ പൊള്ളാച്ചിയിലെ വിദ്യാർത്ഥി വിഭാഗം സെക്രട്ടറിയായിരുന്നു. കേസിൽ അറസ്റ്റുചെയ്തയുടൻ ഇയാളെ പാർട്ടിയിൽനിന്ന് പുറത്താക്കി. ഇരയുടെ സഹോദരനെ ഇതിനിടെ അണ്ണാ ഡിഎംകെ പ്രവർത്തകർ മർദിക്കുകയും ചെയ്തു. ഇതെല്ലാം പ്രതിപക്ഷം രാഷ്ട്രീയപ്രചാരണമാക്കിയതോടെ കേസ് കൂടുതൽ വിവാദമായി.

# ദുബായിൽ മലയാളി യുവതിയുടെ കൊലപാതകം; നാട്ടിലേക്ക് കടക്കാനുള്ള ശ്രമത്തിനിടെ ആൺസുഹൃത്ത് പിടിയിൽ

ദുബായ്: തിരുവനന്തപുരം വിതുര ബോണക്കാട് സ്വദേശിനിയെ ദുബായിൽ മരിച്ചനിലയിൽ കണ്ടെത്തിയ കേസിൽ ആൺസുഹൃത്ത് പിടിയിൽ. ദുബായിലെ സ്വകാര്യ സ്ഥാപനത്തിലെ ജീവനക്കാരിയായ ആനിമോൾ ഗിൽഡ (26) ആണ് മരിച്ചത്. അബുദാബിയിലെ ആശുപത്രി ജീവനക്കാരനായ തിരുവനന്തപുരം സ്വദേശിയാണ് പിടിയിലയത് എന്നാണ് സൂചന. നാട്ടിലേക്ക് കടക്കാൻ ശ്രമിക്കവെ ദുബായ് വിമാനത്താവളത്തിൽ നിന്നാണ് പ്രതി പിടിയിലായത്. ജയകുമാറിന്റെയും ഗിൽഡയുടെയും മകളാണ് മരിച്ച ആനിമോൾ ഗിൽഡ. കരാമയിൽ ഈമാസം ആദ്യമായിരുന്നു സംഭവം. സാമൂഹികമാധ്യമത്തിലൂടെയാണ് ആനിമോളും ഈ യുവാവും പരിചയത്തിലായതെന്നും ആനിമോളെ യുഎഇയിൽ എത്തിച്ചത് ഇയാളാണെന്നും സുഹൃത്തുക്കൾ പറയുന്നു. ഒന്നരവർഷം മുമ്പ് യുഎഇയിൽ എത്തിയ ആനിമോൾ ക്രെഡിറ്റ് സെയിൽസ് സ്ഥാപനത്തിൽ ജോലിചെയ്തുവരികയായിരുന്നു. കൊലപാതകം നടന്നതിന് തൊട്ടുമുമ്പുള്ള ദിവസം ആനിമോളെ കാണാൻ പ്രതി അബുദാബിയിൽ നിന്ന് ദുബായിൽ എത്തിയിരുന്നു. പിന്നാലെയാണ് മൃതദേഹം താമസസ്ഥലത്ത് കണ്ടെത്തുന്നത്.

ഇവർക്കിടയിലെ അഭിപ്രായവ്യത്യാസവും തർക്കവും കൊലപാതകത്തിലേക്ക് നയിച്ചിരിക്കാം എന്നാണ് സുഹൃത്തുക്കൾ നൽകുന്ന വിവരം. ആനിമോളുടെ മരണം കൊലപാതകമാണെന്ന് പൊലീസ് സ്ഥിരീകരിച്ചെങ്കിലും വിശദാംശങ്ങൾ ഔദ്യോഗികമായി പുറത്തുവിട്ടിട്ടില്ല. കൊലപാതകത്തിൽ വിശദമായ അന്വേഷണം തുടരുകയാണെന്നാണ് വിവരം. മറ്റ് നടപടികൾ പൂർത്തിയാക്കി ആനിമോളുടെ മൃതദേഹം ഇന്ന് രാത്രിയോടെ നാട്ടിലേക്ക് കൊണ്ടുപോകാൻ കഴിയുമെന്ന് സാമൂഹിക പ്രവർത്തകർ അറിയിച്ചു.

# 2025ലെ കേരള പുരസ്കാരങ്ങൾക്ക് നാമനിർദ്ദേശങ്ങൾ സമർപ്പിക്കാം

വിവിധ മേഖലകളിൽ സമൂഹത്തിന് സമഗ്രസംഭാവനകൾ നൽകിയിട്ടുള്ള വിശിഷ്ട വ്യക്തിത്വങ്ങളെ ആദരിക്കുന്നതിനായി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ കേരള പുരസ്കാരങ്ങൾക്ക് നാമനിർദേശങ്ങൾ സമർപ്പിക്കാം.

കേരള ജ്യോതി, കേരള പ്രഭ, കേരള ശ്രീ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായാണ് കേരള പുരസ്കാരം നൽകുന്നത്.

2025-ലെ കേരളപ്പിറവി ദിനത്തോടനുബന്ധിച്ച് പ്രഖ്യാപിക്കേണ്ട കേരള പുരസ്കാരങ്ങൾക്കുള്ള നാമനിർദ്ദേശങ്ങൾ സമർപ്പിക്കാനുള്ള അവസാന തീയതി ജൂൺ 30 ആണ്.

പുരസ്കാരങ്ങൾക്കായുള്ള നാമനിർദ്ദേശങ്ങൾ ഓൺലൈനായി https://keralapuraskaram.kerala.gov.in മുഖേന സമർപ്പിക്കണം. ഓൺലൈൻ മുഖേനയല്ലാതെ നേരിട്ട് ലഭിക്കുന്ന നാമനിർദ്ദേശങ്ങൾ പരിഗണിക്കില്ല.

കേരള പുരസ്കാരങ്ങൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങളും നാമനിർദ്ദേശം സമർപ്പിക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങളും https://keralapuraskaram.kerala.gov.in വെബ്സൈറ്റിലെ വിജ്ഞാപനം എന്ന ലിങ്കിൽ ലഭ്യമാണ്.

നാമനിർദ്ദേശവുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾക്ക് 0471-2518531, 0471-2518223 നമ്പരുകളിലും, സാങ്കേതിക സഹായങ്ങൾക്ക് ഐ.ടി. മിഷന്റെ 0471-2525444 നമ്പരിലും ബന്ധപ്പെടാം.

# എൻഡിഎ സഖ്യ വിപുലീകരണം: ബിജെപി-അണ്ണാ ഡിഎംകെ ചർച്ചകൾക്ക് തുടക്കം

ചെന്നൈ: തമിഴ്നാട്ടിൽ എൻഡിഎ സഖ്യം വിപുലീകരിക്കുന്നതു സംബന്ധിച്ച് ബിജെപി നേതാക്കൾ അണ്ണാ ഡിഎംകെ ജനറൽ സെക്രട്ടറി എടപ്പാടി പളനിസ്വാമിയുമായി ചർച്ച നടത്തി. ബിജെപി സംസ്ഥാന അധ്യക്ഷൻ നൈനാർ നാഗേന്ദ്രന്റെ നേതൃത്വത്തിലുള്ള സംഘം പളനിസ്വാമിയുടെ വീട്ടിലെത്തിയായിരുന്നു കൂടിക്കാഴ്ച. അടുത്തദിവസം പളനിസ്വാമിയുടെ ജന്മദിനമായതിനാൽ ആശംസ അറിയിക്കാനുള്ള സൗഹൃദ സന്ദർശനമായിരുന്നെന്നാണ് ബിജെപി നേതാക്കളുടെ പ്രതികരണം. എന്നാൽ, സഖ്യത്തിൽ കൂടുതൽ പാർട്ടികളെ എത്തിക്കുന്നതിനെക്കുറിച്ചായിരുന്നു ചർച്ചയെന്നാണ് വിവരം. കേന്ദ്രമന്ത്രി എൽ. മുരുകൻ, തെലങ്കാന മുൻ ഗവർണർ തമിഴിസൈ സൗന്ദർരാജൻ, വി. പി. ദുരൈസാമി തുടങ്ങിയ നേതാക്കൾ ചർച്ചയിൽ പങ്കെടുത്തു. ഇപ്പോൾ ഇടഞ്ഞുനിൽക്കുന്ന പിഎംകെയെയും ഡിഎംഡികെയും വീണ്ടും ഒപ്പം കൂട്ടുകയാണ് ബിജെപി-അണ്ണാ ഡിഎംകെ സഖ്യത്തിന്റെ ആദ്യ ലക്ഷ്യം. ലോക്സഭാ തെരഞ്ഞെടുപ്പിൽ പിഎംകെ എൻഡിഎ സഖ്യത്തിലാണ് മത്സരിച്ചത്. എന്നാൽ, ബിജെപിയുമായി സഖ്യം തുടരാൻ പിഎംകെ സ്ഥാപകൻ രാമദാസിന് തത്പര്യമില്ല. ഇതേസമയം, മകൻ അൻപുമണിയുടെ നിലപാട് മറിച്ചാണ്. രാമദാസും അൻപുമണിയും തമ്മിലുള്ള തർക്കമാണ് ഇപ്പോൾ ഇവരുമായി ചർച്ച നടത്തിയതിൽ ബിജെപിയും അണ്ണാ ഡിഎംകെയും നേരിടുന്ന പ്രധാന തടസ്സം. ബിജെപിയോട് എതിർപ്പുണ്ടെങ്കിലും രാമദാസിന് അണ്ണാ ഡിഎംകെയോട് മൃദുനിലപാടാണ്. അതിനാൽ അണ്ണാ ഡിഎംകെ മുന്നിട്ടിറങ്ങി രാമദാസിനെ എൻഡിഎ സഖ്യത്തിൽ എത്തിക്കാനാണ് നീക്കം. അതേസമയം, ഡിഎംഡികെ ഇടഞ്ഞുനിൽക്കുന്നത് അണ്ണാ ഡിഎംകെയുമായിട്ടാണ്. ജൂലായിൽ ഒഴിവുവരുന്ന രാജ്യസഭാ സീറ്റ് വേണമെന്ന ആവശ്യം അവഗണിച്ചതാണ് ഇവരുടെ എതിർപ്പിന് കാരണം. രാജ്യസഭാ സീറ്റിനുപകരം കൂടുതൽ നിയമസഭാ സീറ്റുകൾ നൽകി ഇവരെ സഖ്യത്തിൽ ഉൾപ്പെടുത്താൻ ശ്രമം നടക്കുന്നുണ്ടെന്നാണ് വിവരം. പുതിയ തമിഴകം, ഇന്ത്യ ജനനായക കക്ഷി തുടങ്ങി ചെറുപാർട്ടികളും എൻഡിഎ സഖ്യത്തിലുണ്ടാകും. ഡിഎംകെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് തുടക്കമിട്ടതിനാൽ എത്രയുംവേഗം കളത്തിലിറങ്ങാനാണ് എൻഡിഎ സഖ്യം ഒരുങ്ങുന്നത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# ഫോക്കസ് പോയിന്റിലൂടെ അഭിരുചികൾക്കനുസരിച്ച് കോഴ്സുകൾ തെരഞ്ഞെടുക്കാൻ വിദ്യാർഥികൾക്ക് അവസരം: മന്ത്രി വി ശിവൻകുട്ടി

അഭിരുചിക്കും താൽപര്യത്തിനും ഇണങ്ങുന്ന തുടർപഠന മേഖലകൾ തിരഞ്ഞെടുക്കുന്നതിനായി വിദ്യാർഥികൾക്കുള്ള അവസരമാണ് ഫോക്കസ് പോയിന്റ് ഓറിയന്റേഷൻ പ്രോഗ്രാമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. ദിശ കരിയർ പ്ലസ് വൺ ഫോക്കസ് പോയിന്റിന്റെയും അധ്യാപക സംഗമത്തിന്റെയും സംസ്ഥാന തല ഉദ്ഘാടനം തിരുവനന്തപുരം കോട്ടൺഹിൽ ഹയർ സെക്കണ്ടറി സ്കൂളിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

സംസ്ഥാനത്തെ മുഴുവൻ ഹയർ സെക്കന്ററി സ്കൂളുകളിലും പത്താംക്ലാസ് പാസായ വിദ്യാർത്ഥികൾക്ക് രാവിലെ 10 മുതൽ 1 മണി വരെ ആഫ്റ്റർ 10വേ ഫോക്കസ് പോയിന്റ് എന്ന പേരിൽ ഒരു ഓറിയൻറേഷൻ പ്രോഗ്രാം ഹയർ സെക്കന്ററി വിഭാഗം കരിയർ ഗൈഡൻസ് ആൻഡ് അഡോളസെന്റ് കൗൺസിലിംഗ് സെല്ലിന്റെ ആഭിമുഖ്യത്തിലാണ് നിലവിൽ ഒരുക്കിയിട്ടുള്ളത്. വിദ്യാർത്ഥികളെ സഹായിക്കുന്നതിന് എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും പരിശീലനം ലഭിച്ച ഒരു അധ്യാപകൻ കരിയർ ഗൈഡായി പ്രവർത്തിച്ചു വരുന്നു.

പത്താം ക്ലാസ് പരീക്ഷയിൽ തുടർ പഠനത്തിന് അർഹത നേടിയ വിദ്യാർത്ഥികളുടെ മുമ്പിൽ ഒട്ടേറെ തുടർപഠന സാദ്ധ്യതകളുണ്ട്. സയൻസ്, കൊമേഴ്സ്, ഹ്യുമാനിറ്റിസ് എന്നീ മൂന്ന് സ്ട്രീമുകളിലായി 46 കോമ്പിനേഷനുള്ള ഹയർ സെക്കന്ററി വിഭാഗം, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം, ടെക്നിക്കൽ ഹയർ സെക്കന്ററി, ഡിപ്ലോമ കോഴ്സുകൾ, പോളിടെക്നിക് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ ഹ്രസ്വവും, ദീർഘവുമായ തുടർ പഠന സാധ്യതകൾ കുട്ടികളെ പരിചയപ്പെടുത്തേണ്ടതുണ്ട്. 46 കോമ്പിനേഷനുകളുള്ള സെക്കന്ററി ഹയർ കോഴ്സുകളിലൂടെ എത്തിച്ചേരുന്ന 25,000 ത്തോളം ഉന്നത പഠന കോഴ്സുകൾ ഇന്ന് രാജ്യത്ത് ലഭ്യമാണ്. അതുകൊണ്ട് തന്നെ സ്ട്രീമുകളിലെയും ഒരോ കോമ്പിനേഷനുകളും കുട്ടികൾ അടുത്തറിയേണ്ടതുണ്ട്. അഭിരുചിയിൽ സംശയമുള്ള വിദ്യാർത്ഥികൾക്ക് അതിൽ വ്യക്തത വരുത്താൻ ഗ ഉഅഠ എന്ന പേരിൽ ഒരു ഓൺലൈൻ അഭിരുചി പരീക്ഷ ഇന്ത്യയിൽ ആദ്യമായി വികസിപ്പിച്ച പൊതുവിദ്യാഭ്യാസ വകുപ്പാണ് കേരളത്തിലേത്. സൗജന്യമായി അഭിരുചി പരീക്ഷയും കൗൺസിലിംഗും നൽകിവരുന്നുണ്ട്.

കരിയർ ഗൈഡൻസ് ആന്റ് അഡോളസെന്റ് കൗൺസിലിംഗ് സെല്ലിന്റെ നേതൃത്വത്തിൽ കരിയർ ഗൈഡൻസുമായി ബന്ധപ്പെട്ട വിവിധ പ്രോഗ്രാമുകൾ നമ്മുടെ പൊതുവിദ്യാലയങ്ങളിൽ നടന്നു വരുന്നുണ്ട്. കലാമേഖല ഉൾപ്പെടെയുള്ള വിവിധ മേഖലകളിൽ അഭിരുചിയുള്ള വിദ്യാർത്ഥികളെ കണ്ടെത്തി ആ മേഖലകളിൽ മുന്നേറുന്നതിനായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കി വരുന്നു. തുടർ പഠനവുമായി ബന്ധപ്പെട്ട പ്രവേശന പരീക്ഷകളെക്കുറിച്ചും തൊഴിൽ മേഖലകളെക്കുറിച്ചും അറിവ് നൽകുന്നതിന് മൂന്നു മിനിറ്റ് വീതമുള്ള ഓഡിയോ സന്ദേശം ആഴ്ചയിൽ രണ്ട് തവണ വീതം സ്കൂളുകളിലെ കേന്ദ്രീകൃത പൊതു അഭിസംബോധന സംവിധാനം ഉപയോഗിച്ച് വിദ്യാർത്ഥികളിലേക്ക് എത്തിക്കുന്നതാണ്. 9 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് തൊഴിൽ മേഖലകളെക്കുറിച്ച് തുടർപഠനവുമായും ബന്ധപ്പെട്ട് വ്യക്തത നൽകുന്നതിന് ഒരു കരിയർ ഗൈഡൻസ് പോർട്ടൽ തയ്യാറായി വരുന്നു. ജൂൺ ആദ്യവാരം അത് കുട്ടികൾക്കും പൊതുജനങ്ങൾക്കും ഉപയോഗിക്കുന്നതിനായി തുറന്നു നൽകുന്നതാണെന്നും മന്ത്രി പറഞ്ഞു.



ദിശ കരിയർ പ്ലസ് വൺ ഫോക്കസ് പോയിന്റിന്റെയും അധ്യാപക സംഗമത്തിന്റെയും സംസ്ഥാന തല ഉദ്ഘാടനം മന്ത്രി വി ശിവൻകുട്ടി നിർവഹിക്കുന്നു. ആന്റണി രാജു എം എൽ എ സമീപം

കുട്ടികളുടെ സമഗ്രമായ പുരോഗതിക്കായി ജനകീയ പങ്കാളിത്തത്തോടെ കേരള സർക്കാരും പൊതുവിദ്യാഭ്യാസ വകുപ്പും നടപ്പിലാക്കുന്ന പദ്ധതിയാണ് സമഗ്ര ഗുണമേന്മാ പദ്ധതി. ഈ പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനമായി വിവിധ തലങ്ങളിൽ പദ്ധതിയുടെ ഭാഗമാകുന്നവരെ ഉൾക്കൊള്ളിച്ച് സംഘാടക സമിതികൾ രൂപീകരിച്ചു കഴിഞ്ഞു. വിദ്യാലയത്തിലെത്തുന്ന എല്ലാ കുട്ടികൾക്കും അവസരം നൽകി, ഉൾചേർത്ത പ്രവർത്തനങ്ങളിലൂടെ വിദ്യാഭ്യാസ രംഗത്തെ സാമൂഹ്യ നീതി ഉറപ്പാക്കുന്നതിന് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി ലക്ഷ്യമിടുന്നു. ഇതിനായി വിദ്യാലയങ്ങളിൽ സാമൂഹികവും അക്കാദമികവുമായ പ്രവർത്തനങ്ങൾക്ക് പ്രധാന പങ്കു വഹിക്കുന്ന അധ്യാപകരുടെ പ്രാധാന്യം പരിഗണിച്ചാണ് അവധിക്കാല അധ്യാപക സംഗമങ്ങൾ സംഘടിപ്പിക്കുന്നത്.

പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി രണ്ടാം ഘട്ടത്തിൽ തയ്യാറാക്കിയ 2, 4, 6, 8, 10 ക്ലാസുകളിലെ പാഠപുസ്തക വിനിമയം, മൂല്യനിർണ്ണയ സമീപനം, കുട്ടികളുടെ സമഗ്ര പുരോഗതി രേഖ വികസിപ്പിക്കൽ, വിവിധ ഭിന്നശേഷി വിഭാഗങ്ങളിലെ കുട്ടികളെ അക്കാദമികമായി ഉൾചേർക്കുന്നതിന് അധ്യാപകരെ പ്രാപ്തരാക്കുക, സമകാലിക സംഭവങ്ങളുടെ വെളിച്ചത്തിൽ ബാല്യത്തിനും യൗവ്വനത്തിനുമൊപ്പം സർക്കാർ എന്ന ക്യാമ്പയിൻ ഏറ്റവും പ്രാധാന്യത്തോടെ വിദ്യാലയങ്ങൾ ഏറ്റെടുക്കുന്നതിനുള്ള അധ്യാപക നേതൃത്വം, ആരോഗ്യ കായിക വിദ്യാഭ്യാസം, തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം, കലാ വിദ്യാഭ്യാസം, ആധുനിക സാങ്കേതിക വിദ്യയുടെ പഠനം തുടങ്ങി വിവിധ മേഖലകളിൽ ചർച്ചകളും സംവാദങ്ങളും പാഠഭാഗങ്ങളുമായി ചേർത്തുവച്ച് അവതരിപ്പിക്കുന്നതിന് അധ്യാപക സംഗമങ്ങൾ ക്രിയാത്മക വേദികളായി മാറണം.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സമഗ്ര ശിക്ഷാ കേരളം - സ്റ്റാർസ് പദ്ധതി മുഖേനയാണ് അധ്യാപക സംഗമങ്ങൾ നടത്തുന്നത്. അധ്യാപക പരിശീലന മൊഡ്യൂൾ നിർമാണ ശില്പശാലകൾ, സംസ്ഥാന തല റിസോഴ്സ് അധ്യാപക ശാക്തീകരണം എന്നിവ എസ് സി ഇ ആർ ടിയുടെ നേതൃത്വത്തിലാണ് സംഘടിപ്പിച്ചത്.

സംസ്ഥാനത്തെ പാഠ്യപദ്ധതി പിന്തുടരുന്ന എൽ പി., യു പി, ഹൈസ്കൂൾ വിഭാഗം മുഴുവൻ അധ്യാപകർക്കും 2025 മെയ് 13 മുതൽ 23 വരെ രണ്ടു ഘട്ടങ്ങളിലായി അഞ്ചു ദിവസത്തെ പരിശീലനം പൊതു വിദ്യാഭ്യാസ വകുപ്പ്, ഡയറ്റ്, വിദ്യാകിരണം, കൈറ്റ് തുടങ്ങിയവരുടെ സഹകരണത്തോടെയാണ് സമഗ്ര ശിക്ഷാ കേരളം സംഘടിപ്പിക്കുന്നത്.

ഈ വർഷം 4,045 ബാച്ചുകളിലായി 1,50,361 ൽ പരം അധ്യാപകരാണ് അധ്യാപക സംഗമങ്ങളിൽ പങ്കെടുക്കുന്നത്. സാമൂഹ്യ നീതി ഉറപ്പാക്കി ഗുണമേന്മാ വിദ്യാഭ്യാസമെല്ലാവർക്കും ലഭിക്കുന്നതിന് കേരളം നടത്തുന്ന ഈ സവിശേഷ ഇടപെടലിൽ അധ്യാപകർക്കുള്ള പങ്ക് നിർണ്ണായകമാണ്. അതിനാൽ തന്നെ കേരളത്തിലെ വിദ്യാഭ്യാസത്തിൽ മറ്റൊരു പുതു ദൗത്യം നിർവഹിക്കുന്നതിന് ഏവർക്കും ഒരുമിച്ച് മുന്നേറണ്ടതുണ്ട്. സംസ്ഥാനത്താകെ അധ്യാപകസംഗമത്തിൽ പങ്കെടുക്കുന്ന അധ്യാപകർക്ക് എല്ലാവിധ ആശംസകളും അർപ്പിക്കുന്നതായും മന്ത്രി അറിയിച്ചു.

ആന്റണി രാജു എം എൽ എ അധ്യക്ഷത വഹിച്ച ചടങ്ങിൽ സമഗ്ര ശിക്ഷാ കേരളം സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ ഡോ. സുപ്രിയ എ ആർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എസ് ഷാനവാസ്, എസ് സി ഇ ആർ ടി ഡയറക്ടർ ഡോ. ജയപ്രകാശ് ആർ കെ, എസ് ഐ ഇ ടി ഡയറക്ടർ ബി അബുരാജ്, സമഗ്രശിക്ഷാ കേരളം സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ ഡോ. സുധീഷ് കുമാർ എൻ ഐ എന്നിവർ സംബന്ധിച്ചു.

# അഭിഭാഷകയെ ക്രൂരമായി മർദിച്ചു; സീനിയർ അഭിഭാഷകനെതിരേ പരാതി, സംഭവം തിരുവനന്തപുരത്ത്

തിരുവനന്തപുരം: വഞ്ചിയൂർ കോടതിയിലെ ജൂനിയർ അഭിഭാഷകയെ ക്രൂരമായി മർദ്ദിച്ചതായി പരാതി. സീനിയർ അഭിഭാഷകനായ ബെയ്‌ലിനാണ് ജൂനിയർ അഭിഭാഷക ശ്യാമിലിയെ മർദിച്ചതെന്നാണ് പരാതി. അഭിഭാഷകൻ മോപ് സ്റ്റിക് കൊണ്ട് മർദ്ദിച്ചുവെന്നാണ് യുവതിയുടെ ആരോപണം. മുഖത്ത് പരിക്കേറ്റ അഭിഭാഷക ജനറൽ ആശുപത്രിയിൽ ചികിത്സയിലാണ്.

ശ്യാമിലിയും അഭിഭാഷകനും തമ്മിൽ രാവിലെ തർക്കമുണ്ടായിരുന്നു. ഇതിന്റെ തുടർച്ചയായാണ് സീനിയർ അഭിഭാഷകൻ യുവതിയെ മർദിച്ചതെന്നാണ് വിവരം. അടിയേറ്റ് താൻ ആദ്യം താഴെ വീണു. അവിടെനിന്ന് എടുത്ത് വീണ്ടും അടിച്ചു. കണ്ടുനിന്നവരാരും എതിർത്തില്ലെന്നും പരാതിക്കാരി പറയുന്നു.

അഭിഭാഷകനിൽ നിന്ന് ഇതിന് മുൻപും മർദനമേൽക്കേണ്ടി വന്നിട്ടുണ്ടെന്ന് പരാതിക്കാരി പറയുന്നു. മറ്റുള്ള സ്റ്റാഫിനോടും ഈ അഭിഭാഷകൻ അപമര്യാദയായി പെരുമാറുന്നതായി പരാതി ഉയർന്നിരുന്നു. അഭിഭാഷകനെ ഓഫീസിനകത്ത് കയറി അറസ്റ്റ് ചെയ്യാൻ അഭിഭാഷക സംഘടന പോലീസിനെ അനുവദിച്ചില്ലെന്നും പരാതിക്കാരി ആരോപിച്ചു.

കാരണം പറയാതെ ജൂനിയർ അഭിഭാഷകരെ ജോലിയിൽനിന്ന് പറഞ്ഞുവിടുന്നത് അഭിഭാഷകന്റെ പതിവായിരുന്നെന്ന് ശ്യാമിലിയുടെ ഭർത്താവ് ഷൈൻ പറയുന്നു. ശ്യാമിലി ജോലിക്ക് എത്തിയതിനുശേഷം മാത്രം ഇതുവരെ എട്ടോളംപേരെ അഭിഭാഷകൻ പുറത്താക്കി. ഇത്തരത്തിൽ തലേദിവസം വിളിച്ച് ശ്യാമിലിയോട് ജോലിക്ക് വരേണ്ട എന്ന് അഭിഭാഷകൻ അറിയിച്ചു. തുടർന്ന് സ്ഥാപനത്തിലെത്തിയ ശ്യാമിലി തന്നെ എന്തുകൊണ്ട് പുറത്താക്കി എന്ന് തിരക്കി. 'അത് നിന്നോട് പറയേണ്ട ആവശ്യമില്ല' എന്ന് പറഞ്ഞാണ് ശ്യാമിലിയെ അഭിഭാഷകൻ മർദ്ദിച്ചതെന്ന് ഭർത്താവ് മാതൃഭൂമി ഡോട്ട് കോമിനോട് പറഞ്ഞു.

അതേസമയം, രണ്ട് ജൂനിയർ വക്കീലന്മാർ തമ്മിൽ തർക്കം ഉണ്ടായെന്നും ഇത് ചോദ്യം ചെയ്യവേ മുഖത്തു നോക്കി അസഭ്യം പറഞ്ഞതുകൊണ്ടാണ് യുവതിയെ മർദ്ദിച്ചതെന്നുമാണ് അഭിഭാഷകൻ ബെയ്‌ലിന്റെ പ്രതികരണം.

# സെക്സ് റാക്കറ്റിനായി പെൺകുട്ടിയെ കോഴിക്കോട്ടെത്തിച്ചയാൾ പിടിയിൽ; പൊക്കിയത് ഒഡിഷയിൽനിന്ന്

കോഴിക്കോട്: സെക്സ് റാക്കറ്റ് കെണിയിൽ കുടുങ്ങിയ പെൺകുട്ടി പൊലീസ് സ്റ്റേഷനിൽ അഭയം തേടിയ സംഭവത്തിൽ ഒരാൾ പിടിയിൽ. പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ കേരളത്തിലെത്തിച്ച ആളാണ് പിടിയിലായത്. അസം സ്വദേശിയായ ഫർഹാൻ അലി (26) എന്നയാളെ ഒഡിഷയിലെ ഭദ്രകലിൽ നിന്നാണ് പിടികൂടിയത്.

പ്രതിയെ പൊലീസ് കേരളത്തിലേക്ക് കൊണ്ടുവരുന്നുണ്ട്. ജോലി വാഗ്ദാനം നൽകി കേരളത്തിലെത്തിച്ച് സെക്സ് റാക്കറ്റ് കെണിയിൽപ്പെടുത്തി എന്നായിരുന്നു പരാതി.

ലോഡ്ജിൽ നിന്നും രക്ഷപ്പെട്ട കുട്ടി പൊലീസ് സ്റ്റേഷനിൽ അഭയം തേടുകയായിരുന്നു. കൂടുതൽ പെൺകുട്ടികൾ ലോഡ്ജിൽ ഉണ്ടായിരുന്നെന്ന് പെൺകുട്ടി മൊഴി നൽകിയിരുന്നു.

ഇൻസ്റ്റഗ്രാമിലൂടെ പരിചയപ്പെട്ട അസം സ്വദേശിയായ ഫർഹാൻ അലി മൂന്നുമാസം മുൻപാണ് പെൺകുട്ടിയെ കേരളത്തിലെത്തിച്ചത്. 15,000 രൂപ മാസശമ്പളത്തിൽ ജോലി തരപ്പെടുത്തിത്തരാമെന്നായിരുന്നു വാഗ്ദാനം.

കേന്ദ്രത്തിൽനിന്ന് അതിസാഹസികമായിരക്ഷപ്പെട്ട പെൺകുട്ടി ഈ മാസം ആദ്യത്തിലാണ് പൊലീസ് സ്റ്റേഷനിൽ അഭയം തേടിയത്. തന്നെപ്പോലെ അഞ്ച് പെൺകുട്ടികൾ മുറിയിലുണ്ടായിരുന്നെന്ന് ഇവർ അധികൃതരോടുപറഞ്ഞിരുന്നു. . ഒരുദിവസം മൂന്നും നാലും പേർ മുറിയിലെത്താറുണ്ടെന്നും ഞായറാഴ്ചകളിൽ ആറും ഏഴും പേരെ യുവാവ് പ്രവേശിപ്പിക്കാറുണ്ടെന്നും പെൺകുട്ടിയുടെ മൊഴിയിലുണ്ട്.

സ്ഥിരമായി മുറി പൂട്ടിയിട്ടാണ് ഇയാൾ പുറത്തുപോവാറ്. പെൺകുട്ടി സ്റ്റേഷനിലെത്തുന്നതിന്റെ ഒരാഴ്ചമുൻപ് മുറിതുറന്ന് ഇയാൾ ഫോണിൽ സംസാരിച്ച് ടെറസിലേക്ക് നടന്നുപോയസമയത്താണ് ഇവർ രക്ഷപ്പെട്ടത്. രക്ഷപ്പെടുന്നതിന്റെ തലേദിവസം വയറുവേദനയെത്തുടർന്ന് പെൺകുട്ടിയെ ഇയാൾ മെഡിക്കൽ കോളജ് ആശുപത്രിയിലെത്തിച്ചിരുന്നു. ഓട്ടോറിക്ഷയിൽ പോകുന്നതിനിടയിൽ മെഡിക്കൽ കോളജ് പൊലീസ് സ്റ്റേഷൻ പെൺകുട്ടിയുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു.

മുറിയിൽനിന്ന് രക്ഷപ്പെട്ട ഉടൻ മുന്നിൽക്കണ്ട ഒരു ഓട്ടോറിക്ഷയിൽക്കയറി മെഡിക്കൽ കോളജ് പൊലീസ് സ്റ്റേഷനിൽ പോകണമെന്ന് പെൺകുട്ടി ആവശ്യപ്പെട്ടു. സ്റ്റേഷനിലെത്തി വിവരമറിയിച്ചതോടെ പൊലീസ് ചൈൽഡ് വെൽഫയർ കമ്മിറ്റിക്ക് (സിഡബ്ല്യുസി) മുമ്പാകെയെത്തിച്ചു. സിഡബ്ല്യുസി കൗൺസലിങ് നൽകി വൈദ്യപരിശോധനയ്ക്ക് ഹാജരാക്കുകയും പിന്നീട് വെള്ളിമാടുകുന്ന് ചിൽഡ്രൻസ് ഹോമിലേക്ക് മാറ്റുകയുംചെയ്തിരുന്നു.

# 2026ഓടെ നവകേരളം ലക്ഷ്യം; വയനാട് തുരങ്കപാതയ്ക്ക് തടസ്സങ്ങളില്ല: മുഖ്യമന്ത്രി



കോഴിക്കോട് : ഇടതുപക്ഷ സർക്കാർ 10 വർഷം പൂർത്തിയാക്കുന്ന 2026 ൽ നവകേരളം സാക്ഷാത്കരിക്കാനാണ് ലക്ഷ്യമിടുന്നതെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. രണ്ടാം പിണറായി വിജയൻ സർക്കാറിന്റെ നാലാം വാർഷികാഘോഷങ്ങളുടെ ഭാഗമായി കോഴിക്കോട്ട് സംഘടിപ്പിച്ച ജില്ലാ തല യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

'രാജ്യത്തോട് കൂറുണ്ട്, പക്ഷേ യുദ്ധം പ്രോത്സാഹിപ്പിക്കാൻ പാടില്ല': സ്വരാജിനെ പിന്തുണച്ച് ഷംസീർ

ഒൻപതു വർഷത്തിനിടെ സംസ്ഥാനം സർവമേഖലകളിലും വലിയ പുരോഗതി കൈവരിച്ചു. എന്നാൽ, യഥാർഥ ചിത്രം ജനങ്ങൾക്കു മുന്നിൽ പലപ്പോഴും അവതരിപ്പിക്കപ്പെടുന്നില്ല. അതു മറച്ചുവച്ച് മറ്റൊരു ചിത്രം അവതരിപ്പിക്കാനാണ് ചിലർ ശ്രമിക്കുന്നത്. സാമ്പത്തിക പ്രതിസന്ധികൾ കാരണം വികസന പ്രവർത്തനങ്ങൾക്കുൾപ്പെടെ തടസ്സം നേരിടുന്നതായാണ് പ്രചാരണം. എന്നാൽ, വസ്തുത ഇതല്ലെന്ന് സമൂഹത്തിലെ മാറ്റങ്ങൾ പരിശോധിക്കുന്നവർക്ക് ബോധ്യപ്പെടുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

സംസ്ഥാനം ആധുനിക വിജ്ഞാന ഉൽപാദന കേന്ദ്രമായി മാറി. ഡിജിറ്റൽ സയൻസ് പാർക്കിന് പുറമെ 200 കോടി വീതം ചെലവിട്ട് മൂന്ന് സയൻസ് പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ പുരോഗമിക്കുകയാണ്. ഐടി പാർക്കുകളിലെ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും എണ്ണം വർധിപ്പിക്കാനായി. സ്റ്റാർട്ടപ്പ് മേഖലയിൽ കേരളം ലോകത്തിനാകെ മാതൃകയാണിന്ന്. 3,000 സ്റ്റാർട്ടപ്പുകളിൽനിന്ന് 6,300 ആയി വർധിച്ചു. 5,800 കോടി രൂപയുടെ നിക്ഷേപവും 60,000 തൊഴിലവസരങ്ങളും ഇതുവഴി സാധ്യമായി. ദേശീയ തലത്തിൽ ആദ്യത്തെ ഡിജിറ്റൽ യൂണിവേഴ്സിറ്റി, ഡിജിറ്റൽ സയൻസ് പാർക്ക്, ഗ്രഫീൻ ഇന്നൊവേഷൻ സെന്റർ, കൊച്ചി വാട്ടർ മെട്രൊ, തിരുവനന്തപുരം വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് എല്ലാം കേരളത്തിന്റെ സംഭാവനകളാണ്. ഇന്നൊവേഷണൽ ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ജിനോഡേറ്റ സെന്റർ, മെഡിക്കൽ ടെക്നോളജി കൺസോർഷ്യം തുടങ്ങിയ മേഖലകളിൽ ഉൾപ്പെടെ തയാറെടുപ്പുകൾ നടന്നു വരുന്നു.

കേരളം വ്യവസായത്തിന് അനുയോജ്യമല്ലെന്ന ധാരണ വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിലൂടെ മാറ്റിയെടുക്കാനായി. നിയമങ്ങളിലും ചട്ടങ്ങളിലും മാറ്റം വരുത്തി അതിൽ വിജയിക്കുകയും ചെയ്തു. ആളുകളുടെ മനോഭാവത്തിലും മാറ്റമുണ്ടായി. നിരവധി സംരംഭങ്ങൾ ആരംഭിക്കുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. ആഭ്യന്തര നികുതി വരുമാനത്തിൽ വർധനവുണ്ടാക്കാനായി. മൂന്ന് വർഷംകൊണ്ട് നികുതി വരുമാനം 47,000 കോടിയിൽനിന്ന് 81,000 കോടിയിലേക്കും തനത് വരുമാനം 55,000 കോടിയിൽനിന്ന് 1,04,000 കോടിയിലേക്കും ഉയർത്താനായെന്നും മുഖ്യമന്ത്രി പറഞ്ഞു.

ജനങ്ങൾക്ക് പറയാനുള്ളത് കേൾക്കാനും അതിലൂടെ മികച്ച തീരുമാനങ്ങളെടുത്ത് നടപ്പാക്കാനുമുള്ള ശ്രമമാണ് ഒൻപതു വർഷമായി സർക്കാർ നടത്തുന്നതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച പൊതുമരാമത്ത്, ടൂറിസം മന്ത്രി പി.എ. മുഹമ്മദ് റിയാസ് പറഞ്ഞു. വനംവകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രൻ, പ്ലാനിങ് ബോർഡ് വൈസ് ചെയർമാൻ ഡോ. വി.കെ. രാമചന്ദ്രൻ, മേയർ ഡോ. ബീന ഫിലിപ്പ്, എംഎൽഎമാരായ തോട്ടത്തിൽ രവീന്ദ്രൻ, ടി.പി.രാമകൃഷ്ണൻ, അഹമ്മദ് ദേവർകോവിൽ, ഇ.കെ. വിജയൻ, പി.ടി.എ. റഹീം, കെ.പി. കുഞ്ഞഹമ്മദ് കുട്ടി, കെ.എം.സച്ചിൻദേവ്, ലിന്റോ ജോസഫ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീജ ശശി, ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിങ്, ഫിനാൻസ് സെക്രട്ടറി കേശവേന്ദ്ര കുമാർ, എഡിഎം സി.മുഹമ്മദ് റഫീഖ് തുടങ്ങിയവർ സംബന്ധിച്ചു.

# 'വാടക കെട്ടിടത്തിൽ നിന്ന് ലഹരി പിടികൂടിയാൽ ഉടമയും പ്രതിയാകും'; മുന്നറിയിപ്പുമായി എക്സൈസ്

മലപ്പുറം: ലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ പുതിയ നീക്കവുമായി എക്സൈസ് വകുപ്പ്. വാടക കെട്ടിടങ്ങളിൽ ലഹരി വ്യാപാരവും ഉപയോഗവും നടക്കുന്നത് ഉടമകൾ അറിയേണ്ടതാണെന്ന് മലപ്പുറം അസിസ്റ്റന്റ് എക്സൈസ് കമ്മിഷണർ ആർ മനോജ് വ്യക്തമാക്കി. കെട്ടിടത്തിൽ നിന്നും ലഹരി പിടികൂടിയാൽ വീട്ടുടമസ്ഥരും പ്രതികളാകും. വാടക നൽകുന്ന വ്യക്തികളുടേയും ഇടപാടുകളുടേയും അടിസ്ഥാനത്തിൽ ഉടമകൾക്ക് ബാധ്യതകൾ ഉണ്ടാകുമെന്നാണ് മുന്നറിയിപ്പ്. ഇതര സംസ്ഥാന തൊഴിലാളികൾ പ്രതികളാകുന്ന ലഹരി കേസുകൾ കൂടുന്ന സാഹചര്യത്തിലാണ് ശക്തമായ നടപടി സ്വീകരിക്കുന്നത്. ഭവന ഉടമകൾക്ക്ക ലഹരിക്കെതിരായ നിയമങ്ങളും ഉത്തരവാദിത്തങ്ങളും സംബന്ധിച്ച ബോധവൽക്കരണം നൽകുന്നതിന് പ്രത്യേക നടപടികളും ആരംഭിക്കുമെന്ന് ആർ മനോജ് അറിയിച്ചു. കൂടാതെ ലഹരി ഉപയോഗിക്കുന്നവരുടെ കോൺടാക്ട് വിവരങ്ങൾ കൈമാറി സാമ്പത്തിക ലാഭം കണ്ടെത്തുന്നവരും നിരീക്ഷണത്തിലാണെന്നും അദ്ദേഹം വ്യക്തമാക്കി.